# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P6-1096/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P6-1096/2023 തീയ്യതി: 22/11/2023

## പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2023 മുതൽ 21-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ. എം. ഹരികുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺ പി.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ

ശ്രീമതി സാജിതാ സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അനിത അനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി കനകമണി ബി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിബി എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ശ്രീമതി രാഖി ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ- അധിക ചുമതല | 04-01-2023 | 31-01-2023 |
| ശ്രീമതി വനജാകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ- അധിക ചുമതല | 01-02-2023 | 28-02-2023 |
| ശ്രീമതി രേണു ജോർജ്ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-03-2023 | 31-03-2023 |
| ശ്രീ. രാജ്മോഹൻ തമ്പി | പ്രഥമാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 01-04-2022 | 30-06-2022 |
| ശ്രീ. ഷാജി തോമസ് | പ്രഥമാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 01-07-2022 | 31-03-2023 |
| ശ്രീ. പ്രശാന്ത് പി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 29-10-2022 |
| ശ്രീ. ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 30-10-2022 | 31-03-2023 |
| ശ്രീ. പ്രദീപ് കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. രാജു മാത്യു | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ മുത്തുസ്വാമി എം.റ്റി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ബിമൽ കുമാർ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-07-2022 |
| ഡോ. ദേവിലക്ഷ്മി വി.കെ | മെഡിക്കൽ ഓഫീസർ -അധിക ചുമതല (ഹോമിയോ) | 01-08-2022 | 30-11-2022 |
| ഡോ. സുധാരത്നം കെ.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-12-2022 | 21-01-2023 |
| ഡോ. ബിമൽ കുമാർ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 22-01-2023 | 31-03-2023 |
| ഡോ. അബിതാമോൾ വി.എം. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.. ദിവ്യ എസ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീ. റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 01-04-2022 | 03-05-2022 |
| ശ്രീമതി അഞ്ചു റ്റി.എസ്. | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 04-05-2022 | 14-06-2022 |
| ശ്രീമതി കവിതാ ജി. നായർ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 15-06-2022 | 15-07-2022 |
| ശ്രീമതി അഞ്ചു റ്റി.എസ്. | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 15-07-2022 | 27-07-2022 |
| ശ്രീമതി നീതു പി. | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 27-07-2022 | 17-10-2022 |
| ശ്രീമതി ആതിര എസ്. | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 18-10-2022 | 16-12-2022 |
| ശ്രീമമതി ജിഞ്ചു രാജേഷ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 17-12-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് മഹദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് റിക്കൺസിലിയേഷൻ പത്രിക-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാങ്ക് റിക്കൺസിലിയേഷൻ-Directly Debited By Bank- വിശദാംശങ്ങൾ ലഭ്യമല്ല | 1-1-4 |
| 6 | ദുരിതാശ്വാസ നിധി അക്കൗണ്ട് -ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആസ്തികൾക്ക് തുല്യമായി കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | ഗ്രാന്റുകളുടെ നീക്കിയിരിപ്പ്- രേഖകളും രസിസ്റ്ററുകളും ലഭ്യമല്ല | 1-1-7 |
| 9 | സംയുക്ത പദ്ധതികളുടെ അക്കൗണ്ട് ബാലൻസ് - നീക്കിയിരിപ്പ് കൃത്യമല്ല | 1-1-8 |
| 10 | Secured Loans- Loan From KURDFC- നീക്കിയിരിപ്പ് കൃത്യമല്ല | 1-1-9 |
| 11 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂവിലേക്ക് മുതൽ കൂട്ടിയില്ല | 1-1-10 |
| 12 | ബാധ്യത ഹെഡുകളുടെ നീക്കിയിരിപ്പ്-കൃത്യത ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ബുക്ക് ചെയ്തില്ല | 1-1-12 |
| 14 | വിവിധ റെവന്യൂ ചെലവുകൾ ആസ്തി ഹെഡിൽ തെറ്റായി ബുക്ക് ചെയ്തു | 1-1-13 |
| 15 | റെവന്യൂ ചെലവുകൾ അഡ്വാൻസ് തുകയിൽ ക്രമീകരിച്ചില്ല | 1-1-14 |
| 16 | റിഡംപ്ഷൻ തുക ബുക്ക് ചെയ്തത് കൃത്യമല്ല | 1-1-15 |
| 17 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-16 |
| 18 | വാടക ഡിമാന്റ്- വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ കോടികളുടെ വ്യത്യാസം | 1-1-17 |
| 19 | നിക്ഷേപ പ്രവൃത്തികൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു | 1-1-18 |
| 20 | റെവന്യൂ ചെലവ് ഹെഡ് (-) ആയി രേഖപ്പെടുത്തി | 1-1-19 |
| 21 | എൻ.ആർ.ഇ.ജി.എ- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-21 |
| 23 | സംയുക്ത പദ്ധതി അക്കൗണ്ടുകൾ-ചെലവുകൾ ബാധ്യത ഹെഡിൽ കുറവ് ചെയ്തില്ല | 1-1-22 |
| 24 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-23 |
| 25 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ | 1-1-24 |

| | | |
|---|---|---|
| | സൂക്ഷിച്ചിട്ടില്ല | |
| 26 | സംയുക്ത പദ്ധതിയുടെ മുൻവർഷങ്ങളിലെ ചെലവിന് ആനുപാതികമായ തുക തെറ്റായി ബുക്ക് ചെയ്തു | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | സാമ്പത്തിക വിശകലനം | 1-3 |
| 29 | ഗ്രാന്റ് വിനിയോഗം | 1-4 |
| 30 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4-1 |
| 31 | പദ്ധതി അവലോകനം | 1-5 |
| 32 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 33 | ക്ഷേമ പദ്ധതികൾ | 1-7 |
| 34 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 35 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 36 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 37 | രസീതുബുക്കുകളുടെ പരിപാലനം - അപാകതകൾ | 1-11 |
| 38 | തനത് വിഭവ സമാഹരണം - അവലോകനം | 1-12 |
| 39 | വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് 25.43 ലക്ഷം രൂപ | 1-13 |
| 40 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-14 |
| 41 | സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി നിർണയിച്ചു | 1-15 |
| 42 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-16 |
| 43 | ചട്ട പ്രകാരമുള്ള വിനോദ നികുതി ഈടാക്കിയില്ല | 1-17 |
| 44 | ലൈസൻസ് പിരിവ് കാര്യക്ഷമമല്ല | 1-18 |
| 45 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-19 |
| 46 | വാടകക്കാരുമായി ചട്ടപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടില്ല | 1-20 |
| 47 | ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-21 |
| 48 | അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 18,23,695 രൂപ അവശേഷിക്കുന്നു | 1-22 |
| 49 | പദ്ധതി നിർവ്വഹണം - സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ | 1-23 |
| 50 | മരുന്നു വാങ്ങൽ പ്രവർത്തികൾ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-24 |
| 51 | പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി | 1-25 |

| | | |
|---|---|---|
| | സ്വീകരിക്കുന്നതിൽ വീഴ്ച | |
| 52 | പരേതർക്കും ക്ഷേമപെൻഷൻ - സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം 3.77 ലക്ഷം രൂപ | 1-26 |
| 53 | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കില്ല | 1-27 |
| 54 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് ചട്ടം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ പേയ്മെന്റ് നൽകിയില്ല | 1-28 |
| 55 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ | 1-29 |
| 56 | ശബരിമല സ്പെഷ്യൽ ഫണ്ട്- പ്രത്യേക അക്കൗണ്ടിലേക്ക് 2.90 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്തില്ല | 1-30 |
| 57 | പൊതുടാപ്പുകളുടെ കണക്കെടുപ്പ്- സംയുക്ത പരിശോധന റിപ്പോർട്ട് വാട്ടർ അതോറിറ്റി ലഭ്യമാക്കിയില്ല | 1-31 |
| 58 | പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ-ഫണ്ട് നിഷ്ക്രിയമായി | 1-32 |
| 59 | കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല | 1-33 |
| 60 | ലൈബ്രറി സെസ്സ് ഒടുക്കുവാൻ അവശേഷിക്കുന്നു | 1-34 |
| 61 | ഔദ്യോഗിക വാഹനം-ലേല നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-35 |
| 62 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ പഞ്ചായത്തിന് ബാധ്യതയായി | 1-36 |
| 63 | സെക്രട്ടറിയ്ക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 48.71 ലക്ഷം രൂപ അടങ്കലുള്ള 22 പദ്ധതികൾ നടപ്പിലാക്കിയില്ല | 1-37 |
| 64 | 12 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ; ദീർഘവീക്ഷണമില്ലാത്ത പദ്ധതി നിർവ്വഹണം | 1-38 |
| 65 | ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമല്ല | 1-39 |
| 66 | പഞ്ചായത്ത് ഓഫീസിൽ ഇന്റർകോം സ്ഥാപിക്കൽ - GeM മുഖാന്തിരം വാങ്ങിയില്ല; സർക്കാർ ഉത്തരവിന്റെ ലംഘനം | 1-40 |
| 67 | അഗതി രഹിത കേരളം കർമ്മ പദ്ധതി നടത്തിപ്പിൽ ഗുരുതര വീഴ്ച | 1-41 |
| 68 | ലൈഫ് ഭവന പദ്ധതി-ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-07-2023 ലെ 9(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 31-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ, ജില്ല ഓഡിറ്റ് കാര്യാലയം

22/11/2023 — പത്തനംതിട്ട

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ബാങ്ക് റിക്കൺസിലിയേഷൻ പത്രിക-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

Dist. Co-Opretative Bank (A/c No. 121312803000012) ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും കാഷ് ബുക്ക് ബാലൻസും ബാങ്ക് പാസ്സ് ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 ബാങ്ക് റിക്കൺസിലിയേഷൻ-Directly Debited By Bank- വിശദാംശങ്ങൾ ലഭ്യമല്ല

SBI-Epayment- ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ (31-03-2023) Directly Debited By Bank ആയി 1,01,012 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 1-1-5 ദുരിതാശ്വാസ നിധി അക്കൗണ്ട് -ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസനിധി അക്കൗണ്ട് - ബാങ്ക് നീക്കിയിരിപ്പ് തുകയും (രൂ.20,282) ബന്ധപ്പെട്ട ബാധ്യത ഹെഡിലെ (B2 Earmarked Funds) തുകയും (രൂ.20,931) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-6 ആസ്തികൾക്ക് തുല്യമായി കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ബുക്ക് ചെയ്തില്ല

തൻവർഷം വിവിധ സർക്കാർ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതിനായി/നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾക്ക് ആനുപാതികമായ തുക Capital Contribution അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തത്ഫലമായി ഗ്രാമപഞ്ചായത്തിന്റെ റെവന്യൂ ചെലവുകകളേക്കാൾ റെവന്യൂ വരവ് ഉയർന്നു നിൽക്കുകയും യഥാർത്ഥ സാമ്പത്തിക നില പ്രതിഫലിക്കാതെ വരികയും ചെയ്യും.

## 1-1-7 ഗ്രാന്റുകളുടെ നീക്കിയിരിപ്പ്- രേഖകളും രസിസ്റ്ററുകളും ലഭ്യമല്ല

വിവിധ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

| ഹെഡുകൾ | ഇനം | തുക |
|---|---|---|
| 320100136 | National Bio Gas Development Project | 59,708 |
| 320100195 | Grants/Funds For Epidemic Control | 4,00,000 |
| 320100999 | Other Liabilities | 2,99,069 |
| 320200304 | Grants, Funds & Contributions For Specific Purposes | 1,10,824 |
| 320200399 | ,, Other Purposes | 7,39,145 |
| 320300199 | ,, Other Governmnent Agencies | 28,01,003 |
| 320400199 | ,, Other Financial Institutions | 10,29,541 |

## 1-1-8 സംയുക്ത പദ്ധതികളുടെ അക്കൗണ്ട് ബാലൻസ് - നീക്കിയിരിപ്പ് കൃത്യമല്ല

സംയുക്ത പദ്ധതികളുടെ അക്കൗണ്ട് ബാലൻസും ബന്ധപ്പെട്ട ട്രഷറി/ബാങ്ക് അക്കൗണ്ട് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-9 Secured Loans- Loan From KURDFC- നീക്കിയിരിപ്പ് കൃത്യമല്ല

Secured Loans- Loan From KURDFC- വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുകയും (രൂ. 28,78,703) യഥാർത്ഥ നീക്കിയിരിപ്പ് തുകയും (രൂ. 24,23,775) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-10 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂവിലേക്ക് മുതൽ കൂട്ടിയില്ല

ഷെഡ്യൂൾ ബി-7: Deposits Received- കാലഹരണപ്പെട്ട തുകകൾ റെവന്യൂഹെഡിലേക്ക് മുതൽ കൂട്ടിയില്ല. Deposit Received From Others നീക്കിയിരിപ്പ് തുക സംബന്ധിച്ച് കൃത്യതയില്ല.

## 1-1-11 ബാധ്യത ഹെഡുകളുടെ നീക്കിയിരിപ്പ്-കൃത്യത ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നില്ല

ഷെഡ്യൂൾ ബി-9: വിവിധ ബാധ്യത ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടുന്നതിനാവശ്യമായ രജിസ്റ്ററുകളും രേഖകളും ലഭ്യമല്ല.

## 1-1-12 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ബുക്ക് ചെയ്തില്ല

I) ഷെഡ്യൂൾ ബി-9: കുടിവെള്ള പദ്ധതിക്ക് (പ്രോജക്റ്റ് നം. 145/23) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 12,00,000 ലക്ഷം രൂപ പ്രവൃത്തി ആരംഭിക്കാതെ തന്നെ ആസ്തി ഹെഡിൽ ബുക്ക് ചെയ്തു (Head 414120008).

li) ഷെഡ്യൂൾ ബി-11(e): സ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രോജക്ട് നം.002/23) എന്ന പദ്ധതിക്ക് നിക്ഷേപിച്ച തുക ആസ്തി ഹെഡിൽ ബുക്ക് ചെയ്തു (രൂ. 16,97,112).

### 1-1-13 വിവിധ റെവന്യൂ ചെലവുകൾ ആസ്തി ഹെഡിൽ തെറ്റായി ബുക്ക് ചെയ്തു

ഷെഡ്യൂൾ ബി-18: വിവിധ റെവന്യൂ ചെലവുകൾ (കറന്റ് ചാർജ്ജ്, റിപ്പയറിംഗ് ചാർജ്ജ് എന്നിവ) ആസ്തി ഹെഡിൽ തെറ്റായി ബുക്ക് ചെയ്തു (Deposit With KSEB).

### 1-1-14 റെവന്യൂ ചെലവുകൾ അഡ്വാൻസ് തുകയിൽ ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി-18: Other Advances, Advance To Implementing Agencies- റെവന്യൂ ചെലവുകൾ അഡ്വാൻസ് തുകയിൽ ക്രമീകരിച്ചില്ല.

### 1-1-15 റിഡംപ്ഷൻ തുക ബുക്ക് ചെയ്തത് കൃത്യമല്ല

ഷെഡ്യൂൾ ബി-15: Receivables Of Redemption- Redemption തുക ബുക്ക് ചെയ്തിരിക്കുന്നത് യഥാർത്ഥതുകയല്ല. ലെഡ്ജർ ബാലൻസും ട്രഷറി ഫോർഫീറ്റ് ചെയ്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-16 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് - വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എല്ലാ ഡിമാന്റ് എൻട്രികളും മാർച്ച് 31 നാണ് ബുക്ക് ചെയ്തിരിക്കുന്നത്.

### 1-1-17 വാടക ഡിമാന്റ്- വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ കോടികളുടെ വ്യത്യാസം

വാടക ഡിമാന്റായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും യഥാർത്ഥ വരുമാനവും തമ്മിൽ 1,67,46,836 രൂപയുടെ വ്യത്യാസം ഉണ്ട്. തെറ്റായ ഡിമാന്റ് വഴി സ്ഥാപനത്തിന്റെ വാർഷിക വരുമാനം ഗണ്യമായി ഉയർത്തി.

### 1-1-18 നിക്ഷേപ പ്രവൃത്തികൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു

നിക്ഷേപ പ്രവൃത്തികൾ എല്ലാം Advance To Implementing Agencies എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

### 1-1-19 റെവന്യൂ ചെലവ് ഹെഡ് (-) ആയി രേഖപ്പെടുത്തി

ഷെഡ്യൂൾ ബി I-10: Travelling Allowance (-) 6,48,502 ആയി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-20 എൻ.ആർ.ഇ.ജി.എ- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

എൻ.ആർ.ഇ.ജി.എ- വരവ് ചെലവ് കണക്കുകൾ- വാർഷിക കണക്കുകളും ബന്ധപ്പെട്ട ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

### 1-1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-22 സംയുക്ത പദ്ധതി അക്കൗണ്ടുകൾ-ചെലവുകൾ ബാധ്യത ഹെഡിൽ കുറവ് ചെയ്തില്ല

സംയുക്ത പദ്ധതിക്ക് ലഭിച്ച ഗ്രാന്റിനങ്ങളിൽ നിന്നും ചെലവായ തുക ബാധ്യത ഹെഡിൽ കുറവ് ചെയ്ത് റവന്യൂ/കാപ്പിറ്റൽ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

### 1-1-23 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ

ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-1-24 "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(I-19) പ്രകാരം "190000000-Prior Period Income", എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-1-25 സംയുക്ത പദ്ധതിയുടെ മുൻവർഷങ്ങളിലെ ചെലവിന് ആനുപാതികമായ തുക തെറ്റായി ബുക്ക് ചെയ്തു

ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ നിന്ന് മുൻവർഷങ്ങളിൽ ചെലവ് ചെയ്ത തുകയ്ക്ക് (രൂ. 13,40,694) ആനുപാതികമായ തുക റെവന്യൂ ഹെഡിലേക്ക് മാറ്റിയത് Prior Period വരവിൽ രേഖപ്പെടുത്തുന്നതിന് പകരം തൻവർഷത്തെ വരവായി ബുക്ക് ചെയ്തു (Head Of Account- 160300101).

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, 22.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2,25,74,609 രൂപ മുന്നിരിപ്പും 19,50,86,629 രൂപ ആകെ പ്രതീക്ഷിത വരവും 18,54,28,000 രൂപ പ്രതീക്ഷിത ചെലവും 96,58,629 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 23.03.2023 തീയതിയിലും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 22574609 | 43905831 | |
| വരവ് | 181612020 | 72165919 | 156920875 |
| ആകെ | 204186629 | 116071750 | |
| ചെലവ് | 194628000 | 67389124 | 129957466 |
| നീക്കിയിരിപ്പ് | 9558629 | 48682626 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4,39,05,831 | -- |
| ഓഡിറ്റ് വർഷത്തെ വരവ് | 7,21,65,919 | 15,69,20,875 |
| ആകെ വരവ് | 11,60,71,750 | -- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,73,89,124 | 12,99,57,466 |
| നീക്കിയിരിപ്പ് | 4,86,82,626 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | ലഭിച്ചത് ) | | | | |
| വികസന ഫണ്ട്-ജനറൽ | ഇല്ല | 17627000 | 17627000 | 14517876 | -- | 3109124 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 4119000 | 4119000 | 3775007 | -- | 343993 |
| വികസന ഫണ്ട് റ്റി.എസ്..പി | ,, | 311000 | 311000 | 217699 | -- | 93301 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4243967 | 8446928 | 12690895 | 2423175 | 7414693 | 2853027 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 422060<br>പലിശ | 3950268<br>188389 | 4560717 | 3328261 | 650729 | 581727 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 8924000 | 8924000 | 6609920 | -- | 2314080 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 6104000 | 6104000 | 5465734 | -- | 638266 |
| ഹെൽത്ത് ഗ്രാന്റ് | ,, | 352543 | 352543 | -- | 352543 | -- |
| ശുചിത്വ മിഷൻ | 1987322 | 170000 | 2157322 | 1609637 | 547685 | -- |
| ഐ.സി.ഡി.എസ്. | 887232 | 1103376 | 1990608 | 166913 | 1823695 | -- |
| എം.ജി.എൻ. ആർ.ജി.എസ് | 56891 | 26667888 | 26724779 | 26719572 | 5207 | -- |
| പൈക്ക | 366197 | -- | 366197 | 650 | 365547 | |
| ശബരിമല ഗ്രാന്റ് | 1325146 | 224000 | 1549146 | 352164 | 1196982 | -- |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 585233 |
| ,, | അങ്കണവാടി അധിക വേതനം | 1357800 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 225347 |
| വികസന ഫണ്ട്-റ്റി.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 27899 |

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 232 | 105150684 | 158 | 46114109 | 74 | 68 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 3663330 | 1389282 | 37.92 |
| വെറ്ററിനറി സർജൻ | 7 | 6 | 2613974 | 2179574 | 83.38 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി | 11 | 7 | 3133911 | 2324175 | 74.16 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 420650 | 420650 | 100 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 2 | 875000 | 800000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 340000 | 32000 | 9.41 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 15 | 38517260 | 11272190 | 29.27 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 5597300 | 3341194 | 59.69 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 67 | 45 | 19658538 | 13074214 | 66.51 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 75 | 43 | 26387901 | 8238663 | 31.22 |
| ഹെഡ്മാസ്റ്റർ , ഗവൺമെൻറ് യു.പി.സ്കൂൾ | 9 | 7 | 1430000 | 1276006 | 89.23 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 391242 | 55.89 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 12 | 10 | 1812820 | 1374919 | 75.84 |
| ആകെ | 232 | 158 | 105150684 | 46114109 | 43.86 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 56891 | 2381303 | 2438194 | 2432987 | 5207 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24286585 | 24286585 | 24286585 | 0 |
| ആകെ | 56891 | 26667888 | 26724779 | 26719572 | 5207 |

വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീക്രൂപ്മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 73 | 960,000 |
| വിധവാ പെൻഷൻ | 903 | 10,895,200 |
| വാർദ്ധക്യകാല പെൻഷൻ | 2325 | 27,515,200 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള | 17 | 172,800 |

| | | |
|---|---|---|
| പെൻഷൻ | | |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 298 | 3,665,600 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2023 തീയതിയിൽ 1:00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 581/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

- തൊഴിൽ നികുതി രജിസ്റ്റർ, ലേല രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ് .
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- ആസ്തി രജിസ്റ്റർ, ഗ്രാന്റ് വിനിയോഗ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, നിക്ഷേപ പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
- സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളും ILGMS പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിലുള്ള പണം ഒടുക്കുന്നില്ല.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.2014-12.2.2014 | 2008-09 മുതൽ 2012-13 വരെ | 9.6.2014 |
| പെർഫോമൻസ് ഓഡിറ്റ് | 9.3.2022- 11.3.2022 | 4/2021 മുതൽ 12/2021 വരെ | 11.3.2022 |

## 1-11 രസീതുബുക്കുകളുടെ പരിപാലനം - അപാകതകൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത മാനവൽ രസീത് ബുക്കുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ നിന്നും ജീവനക്കാർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. (ഉദാ:ബുക്ക് നം.7499,4002)

2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ:ബുക്ക് നം.7498,7487,7492,4004).

3.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല (ഉദാ:ബുക്ക് നം.7491,7499,4004).

അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തനത് വിഭവ സമാഹരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരവും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ടും റാന്നി പഴവങ്ങാടി ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/LSGD/01-06-2022 ലെ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 2 ൽ എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി. സി. ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. റാന്നി പഴവങ്ങാടി ഗ്രാമപ്പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ടി നിർദ്ദേശം നടപ്പില്ലാക്കുന്നില്ല. എല്ലാ മാസത്തേയും വരവ് ചെലവുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി അംഗീകരിച്ചിട്ടുണ്ട്. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മറ്റി ചർച്ച ചെയ്തെങ്കിലും നടപ്പിലാക്കിയിട്ടില്ല. മുൻവർഷങ്ങളിലെയും തന്നാണ്ടിലെയും പിരിച്ചെടുക്കാൻ സാധിക്കാത്ത തനത് വരുമാനങ്ങൾ നിയമപരമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഭരണ സമിതിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ബജറ്റും യഥാർത്ഥ വരവുമായുള്ള അന്തരം ചർച്ച ചെയ്തിട്ടില്ല.

2.ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ മൊത്തം വരവു ചെലവു കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. കൂടാതെ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം. തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ള തുകയും, യഥാർത്ഥ വരവുകളും തമ്മിൽ അന്തരമുണ്ട്. പ്രധാനപ്പെട്ട തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള കളക്ഷൻ | യഥാർത്ഥ കളക്ഷൻ |
|---|---|---|---|
| 1 | വസ്തുനികുതി | 110,00,000 | 8094613 |
| 2 | തൊഴിൽ നികുതി | 4000000 | 2748045 |
| 3 | ലൈസൻസ് ഫീസ് | 800000 | 442300 |
| 4 | പെർമിറ്റ് ഫീസ് | 800000 | 196950 |

3.വസ്തുനികുതി

സ.ഉ (കൈ. നമ്പർ 77/2023 LSGD/22-03-23 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും നഗരസഭകളിലും 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം ഭരണ സമിതിയുടെ 6/5/2023 ലെ 2-ാം നമ്പർ തീരുമാനമായി പുതുക്കിയ തുക അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് ഈടാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ പ്രദേശത്തിന്റെ വികസന സ്ഥിതി,

മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് മേഖലാ വിഭജനം നടത്തിയിട്ടുള്ളത്. സോഫ്റ്റ് വേയർ അപ്പ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല. സർക്കുലർ RB3/178/2020- ത.സ്വ.ഭ.വ തീ. 20/06/2022 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നില്ല. നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ പൂർണ്ണമല്ലാത്തവ/ അപാകതയുള്ളവ നിരസിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളും ILGMS പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയയിലെയും ILGMSലെയും ഡിമാന്റ്, കളക്ഷൻ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|---|
| 1 | വസ്തു നികുതി (തൻവർഷം) | ILGMS | 7378472 | 6423672 |
| | | സഞ്ചയ | 7400864 | 6448709 |
| 2 | വസ്തു നികുതി (അരിയർ) | ILGMS | 5065862 | 1645900 |
| | | സഞ്ചയ | 3260666 | 1645904 |

4. തൊഴിൽ നികുതി

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപ്പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. ചട്ടപ്രകാരമുള്ള പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. നികുതി പത്രികയിലെ വരുമാനം, ജീവനക്കാരുടെ എണ്ണം തുടങ്ങിയ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി സ്വീകരിച്ചിട്ടുള്ളത്.

5.ലൈസൻസ് ഫീസ്

മൂലധനം കൃത്യമായി അപേക്ഷ ഫോമുകളിൽ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. പൂർണ്ണമല്ലാത്ത/ അപാകതയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.ഡാറ്റാ ബേസിൽ ലൈസൻസ് ഫീസ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

6.ലേലം

സമയബന്ധിതമായി ലേലം നടക്കാത്തതിനാൽ തടികൾ ദ്രവിച്ച് ഉപയോഗശൂന്യമായി പോയിട്ടുണ്ട്. അവശേഷിക്കുന്ന മരങ്ങളുടെ ലേലം വേഗത്തിലാക്കി പഞ്ചായത്തിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് വരുമാനം വർധിപ്പിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ .

1) ലൈസൻസ് ഫീസ് വിവരങ്ങൾ, പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ,അംഗീകൃത കരാറുകാരുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡാറ്റാ ബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നത് വഴി നികുതി നികുതിയേതര പിരിവ് കാര്യക്ഷമമാക്കാൻ കഴിയും .

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതിയുടെ 10 ശതമാനത്തിൽ കുറയാതെയുള്ള സേവന ഉപനികുതി ഈടാക്കുന്നത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതാണ്.

3) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

4) ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

5) ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്.

## 1-13 വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് 25.43 ലക്ഷം രൂപ

2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കുടിശ്ശികയിനത്തിൽ 2543154/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് | തൻവർഷം | 924376 |
| | അരിയർ | 1618778 |
| ആകെ | | 2543154 |

കുടിശ്ശികയിനത്തിന്റെ 38% മൊബൈൽ ടവറിന്റെ വസ്തു നികുതിയാണ്. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള നികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | മൊബൈൽ ടവറുകളുടെ പേര് | കുടിശ്ശിക തുക(രൂപ) |
|---|---|---|---|
| 1 | 2/269 | ബി.എസ്.എൻ.എൽ | 17760/- |
| 2 | 2/600 | ബി.എസ്.എൻ.എൽ | 55692/- |
| 3 | 3/539 | ബി.എസ്.എൻ.എൽ | 74256/- |
| 4 | 3/581 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 46663/- |
| 5 | 8/532 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 40508/- |
| 6 | 9/530 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 39844/- |
| 7 | 9/531 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 19125/- |
| 8 | 11/233 | ബി.എസ്.എൻ.എൽ | 102102/- |
| 9 | 13/626 | ജി.റ്റി.എൽ. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്,കൊച്ചി | 62654/- |
| 10 | 13/773 | ബി.എസ്.എൻ.എൽ | 36653/- |
| 11 | 13/773/A | ബി.എസ്.എൻ.എൽ | 33289/- |
| 12 | 13/773/B | ബി.എസ്.എൻ.എൽ | 17310/- |
| 13 | 14/812 | ടാറ്റാ മൊബൈൽ ടവർ | 408408/- |
| 14 | 15/1612 | റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് | 12942/- |
| ആകെ | | | 967206/- |

വസ്തു നികുതിയിനത്തിലെ കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ വേഗത്തിലാക്കേണ്ടതാണ്. ടി തുക ഈടാക്കിയ ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിനു പകരം, ചെറിയ കെട്ടിടഭാഗങ്ങളായി തിരിച്ച്, അവയ്ക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി പരിശോധനയിൽ കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന നികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി |
|---|---|---|---|---|---|
| 1 | സ്റ്റീഫൻ.കെ.തോമസ് & റ്റിറ്റിമാത്യു | V/ 153 A,B,C,D,E,F | 231.6 | 13896 | 18528 |

| | | | | | |
|---|---|---|---|---|---|
| | കുറ്റിക്കാട്ടിൽ&കാക്കാനപ്പള്ളിൽ, കരികുളം പി ഒ, 689673 | | | | |
| 2 | സി.ജെ.ഈശോ. ചാലുമാട്ട് ആറ്റുകുഴിയിൽ, റാന്നി,കരികുളം പി ഒ, 689673, | IX/ 641/A,B,E | 340.65 | 20439 | 27252 |
| 3 | ജോയി കുര്യൻ പഴയാറ്റ്,റാന്നി, കരികുളം പി ഒ, 689673, | XIII/123,A,B,C | 561.45 | 35936 | 44916 |
| 4 | മാത്യു പി സാം പാലമൂട്ടിൽ ഹൗസ്, ചേത്തോംകര, റാന്നി പഴവങ്ങാടി പി ഒ, 689673 | XV/ 164B,C,D,E,f,G | 313.13 | 20382.8 | 25050.4 |
| 5 | രവീന്ദ്രൻ നായർ താമരശേരിൽ, റാന്നി പഴവങ്ങാടി പി ഒ, 689673, | XV /368 A,B,C,D,E,F,G,H | 747.51 | 41848.23 | 59800.8 |
| 6 | ബാലകൃഷ്ണകുറുപ്പ് കിഴക്കില്ലത്ത് (നന്ദനം), റാന്നി പഴവങ്ങാടി പി ഒ, 689673 | XV/ 1263,A,B,C | 115.06 | 5753 | 6903.6 |
| 7 | ഷാബു.എ.വർഗ്ഗീസ് അയന്തിയിൽ ഹൌസ്, കരികുളം പി ഒ,689673 | XV/1526,A,B | 420.64 | 24761 | 33651.2 |
| | | | ആകെ | 163016.06 | 216102 |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 50/- രൂപയും 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 60/-രൂപയും 200 ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 80/-രൂപയുമായി നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.)

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് ഒരേ ഉടമസ്ഥതയും ഉപയോഗക്രമവുമുള്ളതിനാൽ ഉയർന്ന നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.അടിസ്ഥാന നികുതി നിർണ്ണയിച്ചതിൽ 53085.97/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.13/ 18.10.2023) മറുപടിയായി ടി കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധിച്ച് പുനർ നിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും ആയത് പുന:ക്രമീകരിച്ച ശേഷം ഓഡിറ്റിൽ വിവരം ലഭ്യമാക്കുന്നതുമാണെന്ന് അറിയിച്ചു. വസ്തു നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി നിർണയിച്ചു

2011ലെ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം(6) പ്രകാരം സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന നികുതിയുടെ 10% വർദ്ധനവ് വരുത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വയർ പരിശോധിച്ചതിൽ ടി ചട്ടം ബാധകമായ എല്ലാ

കെട്ടിടങ്ങളുടെയും നികുതി നിർണയത്തിൽ 10% വർദ്ധനവ് വരുത്തിയിട്ടില്ല എന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| 1 | XIV/677 A | കെ.സി.മാത്യു<br>കുട്ടോത്തറ<br>റാന്നി പഴവങ്ങാടി പി ഒ, 689673 |
| 2 | XIV/677 B | കെ.സി.മാത്യു<br>കുട്ടോത്തറ<br>റാന്നി പഴവങ്ങാടി പി ഒ, 689673 |
| 3 | XIV/677 C | കെ.സി.മാത്യു<br>കുട്ടോത്തറ<br>റാന്നി പഴവങ്ങാടി പി ഒ, 689673 |
| 4 | XIV/677 D | ജോസ് ജേക്കബ്<br>കുട്ടോത്തറ<br>റാന്നി പഴവങ്ങാടി പി ഒ 689673, |
| 5 | XIV/677 E | ജോസ് ജേക്കബ്<br>കുട്ടോത്തറ<br>റാന്നി പഴവങ്ങാടി പി ഒ 689673 |
| 6 | XIV/677 F | ജോസ് ജേക്കബ്<br>കുട്ടോത്തറ<br>റാന്നി പഴവങ്ങാടി പി ഒ 689673 |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.16/ 19.10.2023)മറുപടിയായി, ടി കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധിച്ച് പുനർ നിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും ആയത് പുന:ക്രമീകരിച്ച് ഓഡിറ്റിൽ വിവരം ലഭ്യമാക്കുന്നതുമാണെന്ന് അറിയിച്ചു. വസ്തു നികുതി നിർണ്ണയിക്കുമ്പോൾ ഫീൽഡ് തല പരിശോധന നടത്തി സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കു വർദ്ധനവ് വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും നികുതി അടയ്ക്കാൻ ബാധ്യസ്ഥരുമായ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവു സംബന്ധിച്ച പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയ കേന്ദ്രങ്ങൾ,ആധാരമെഴുത്താഫിസുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരിൽ നിന്നും തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.
2. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | 2022-23 |
|---|---|---|
| 1 | സി.എം.എസ് യു.പി സ്കൂൾ, പൂഴിക്കുന്ന് | 1st& 2nd Half |
| 2 | എ. വി. ജി മോട്ടോഴ്സ്, റാന്നി പഴവങ്ങാടി | 1st& 2nd Half |

| | | |
|---|---|---|
| 3 | ജോസ്കോസ് ജൂവലറി ,റാന്നി പഴവങ്ങാടി | 1st& 2nd Half |
| 4 | വെറൈറ്റി ഗിഫ്റ്റ് ഹൗസ് ,റാന്നി പഴവങ്ങാടി | 1st& 2nd Half |
| 5 | ഇടിമണ്ണിക്കൽ ജ്വല്ലറി ,റാന്നി പഴവങ്ങാടി | 1st& 2nd Half |
| 6 | സരോജ് ഹോട്ടൽ ഇട്ടിയപ്പാറ, റാന്നി | 1st& 2nd Half |
| 7 | ഉഷസ് ഓട്ടോമൊബൈൽസ് , റാന്നി | 1st& 2nd Half |
| 8 | ഷോപ്പ് N സേവ്, റാന്നി പഴവങ്ങാടി | 1st& 2nd Half |
| 9 | റാന്നി ട്രേഡേഴ്സ്, റാന്നി പഴവങ്ങാടി | 1st Half |
| 10 | എക്സൽ ഫിനാൻസ്, റാന്നി | 1st Half |
| 11 | പോത്തൻസ് ഐ കെയർ, റാന്നി പഴവങ്ങാടി | 1st Half |
| 12 | മാതാ സിൽക്ക് റാന്നി | 1st Half |
| 13 | തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ , മന്ദമരുതി | 2nd Half |
| 14 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി, റാന്നി | 2nd Half |
| 15 | റിലയൻസ് റീറ്റെയിൽ ലിമിറ്റഡ്, ട്രെൻഡ്സ്,opp. പ്രൈവറ്റ് ബസ്റ്റാൻഡ് ഇട്ടിയപ്പാറ റാന്നി | 2nd Half |
| 16 | ആക്സിസ് ബാങ്ക് , റാന്നി | 2nd Half |
| 17 | മോർഫ് ഗ്യാരേജ് , റാന്നി പഴവങ്ങാടി | 2nd Half |
| 18 | ഡോക്ടേഴ്സ് മെഡിക്കൽ ആൻഡ് ഡയബറ്റിക് സെന്റർ,റാന്നി | 2nd Half |
| 19 | യമുന മോട്ടോഴ്സ് , റാന്നി | 2nd Half |
| 20 | നീതി മെഡിക്കൽ സ്റ്റോർ, റാന്നി പഴവങ്ങാടി | 2nd Half |
| 21 | മുളമൂട്ടിൽ നിധി ലിമിറ്റഡ് , റാന്നി | 2nd Half |
| 22 | ഗവൺമെന്റ് എൽ.പി സ്കൂൾ ,കരികുളം | 2nd Half |
| 23 | റബ്ബർ ബോർഡ് റീജിയണൽ ഓഫീസ് , റാന്നി | 2nd Half |
| 24 | വില്ലേജ് ഓഫീസ് , റാന്നി പഴവങ്ങാടി | 2nd Half |
| 25 | വില്ലേജ് ഓഫീസ് ,ചേത്തയ്ക്കൽ | 2nd Half |
| 26 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, റാന്നി പഴവങ്ങാടി | 2nd Half |
| 27 | പി എച്ച് സി , മക്കപ്പുഴ | 2nd Half |
| 28 | . കുടുംബശ്രീ ,റാന്നി പഴവങ്ങാടി | 2nd Half |
| 29 | MGNREGS | 1st& 2nd Half |

3. ചുവടെ ചേർക്കുന്ന പൊതുമരാമത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം. | കരാറുകാരന്റെ പേരും മേൽവിലാസവും |
|---|---|
| 1 | പുരുഷോത്തമൻ കെ,എസ്, വട്ടപ്പറമ്പിൽ ഹൗസ് , മലയാലപ്പുഴ |
| 2 | ജോബിത്ത് ജോയ്, ഐക്കാട്ട് ഹൗസ്, ഐത്തല |
| 3 | ബോണി വർഗ്ഗീസ് തോമസ്, കരിംകുറ്റിയിൽ, ചെല്ലക്കാട് |
| 4 | സോമശേഖരൻ നായർ, പാടത്തുകാലായിൽ, ഐത്തല |
| 5 | ആകാശ് എസ്,നായർ, പാടത്തുകാലായിൽ, ഐത്തല |
| 6 | സുരേഷ് എ.പി, അത്തംബതാംകുഴിയിൽ, പേഴുംപാറ, വടശ്ശേരിക്കര |
| 7 | എബ്രഹാം തോമസ്, വെള്ളംകുഴിയിൽ, കരികുളം |
| 8 | ടോജോ .സി.മോൺസി,ചെരിക്കലെത്ത്, ഐത്തല |
| 9 | ടിജോ തോമസ്, പുന്നവേലിൽ ഉണ്ടിയിൽ, ഐത്തല |
| 10 | ലിനു എബ്രഹാം, കാണാക്കേരിൽ, കുറിച്ചി |
| 11 | അരുൺ ജോസഫ്, കടയ്ക്കത്ത് ,ചെല്ലക്കാട് |
| 12 | സൈജു വി.എസ്.നായർ, വലിയകാലയിൽ, പുതുശ്ശേരിമല |
| 13 | വേണുഗോപാൽ എ.ജി, ഇളംപ്ലാശ്ശേരിൽ |
| 14 | തോമസ് എബ്രഹാം, കോത്താത്ത്, കരികുളം |
| 15 | നെയ്സൺ,സിതായ് ബിൽഡേഴ്സ്, റാന്നി |
| 16 | സി.ആർ.രഘു, ചുവന്നമുണ്ടക്കൽ, പഴവങ്ങാടി |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്കു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.7/16.10.2023) മറുപടിയായി, ടി സ്ഥാപനങ്ങൾക്കും കരാറുകാർക്കും കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. നികുതി ഈടാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ചട്ട പ്രകാരമുള്ള വിനോദ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീലക്ഷ്മി തിയേറ്ററിൽ(കെട്ടിട നം.9/850) നിന്ന് ചട്ടപ്രകാരമുള്ള വിനോദ നികുതി ഈടാക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ട്. ജി.ഒ (എം.എസ്) 63/2019/LSGD/10.06.2019 പ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വിനോദ നികുതി തദ്ദേശ ഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും ജി.എസ്.റ്റി 28% ൽ നിന്ന് 18% ആയി കുറവ് ചെയ്തും ഉത്തരവായിരുന്നു. 31.08.19 ലെ ജി.ഒ.(എം.എസ്) 112/2019/LSGD നമ്പർ ഉത്തരവ് പ്രകാരം 01.09.19 മുതൽ വിനോദ നികുതിയുടെ നിരക്ക് 10% എന്നത് 100 രൂപയിൽ കുറവുള്ള ടിക്കറ്റിന് 5 ശതമാനവും 100 രൂപയിൽ കൂടുതലുള്ളതിന് 8.5 ശതമാനവുമായി പുതുക്കി നിശ്ചയിച്ചു.ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സിനിമാ തീയേറ്ററുകൾക്കുള്ള വിനോദനികുതി 2020-21 വർഷത്തേക്ക് ഇളവ് ചെയ്തു കൊടുത്തിരുന്നെങ്കിലും 01.01.2022 മുതൽ വീണ്ടും വിനോദനികുതി പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

വിനോദനികുതി പുനസ്ഥാപിച്ചിട്ടും തിയേറ്ററിൽ നിന്ന് സർക്കാരിന്റെ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ പഞ്ചായത്ത് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.39/20.10.2023) മറുപടി ലഭ്യമാക്കിയില്ല. തിയേറ്ററിൽ നിന്നും വിനോദ നികുതി ഈടാക്കിയ ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ലൈസൻസ് പിരിവ് കാര്യക്ഷമമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്ന് സമയബന്ധിതമായി ലൈസൻസ് ഈടാക്കുന്നില്ല. കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ലൈസൻസ് അനുവദിക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ ഉപയോഗ ക്രമത്തിലുള്ള 2958

കെട്ടിടങ്ങൾ നിലവിലുണ്ട്. വാണിജ്യ-വ്യവസായ കെട്ടിടങ്ങളുടെ വാർഡ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | വാണിജ്യ-വ്യവസായ കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 1 | 76 |
| 2 | 140 |
| 3 | 68 |
| 4 | 59 |
| 5 | 82 |
| 6 | 6 |
| 7 | 33 |
| 8 | 42 |
| 9 | 382 |
| 10 | 13 |
| 11 | 56 |
| 12 | 41 |
| 13 | 286 |
| 14 | 477 |
| 15 | 1045 |
| 16 | 51 |
| 17 | 101 |
| ആകെ | 2958 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 545 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ കണക്കും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( എൻക്വയറി 11/18.10.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി അനുമാനിക്കാം.

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 1-ലെ ക്രമ നം- 149 പ്രകാരം റേഷൻകടകൾ യഥാസമയം ഗ്രാമപ്പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

3.ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ട്രിനിറ്റി ഹെൽത്ത് കെയർ, ഇട്ടിയപ്പാറ |
| 2 | തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ,മന്ദമരുതി |
| 3 | ഡി.ഡി കുരുവിള സ്കിൻ സ്പെഷ്യലിസ്റ്റ്, ചെത്തോംകര |
| 4 | ജോസ്കോസ് ജ്വവലറി ,റാന്നി |
| 5 | എക്സൽ ജ്വവലറി ,റാന്നി |
| 6 | വെറൈറ്റി ഗിഫ്റ്റ് സെന്റർ, റാന്നി |
| 7 | അക്ഷയ കേന്ദ്രം, ഇട്ടിയപ്പാറ |
| 8 | അക്ഷയ കേന്ദ്രം, ചേത്തയ്ക്കൽ |
| 9 | അക്ഷയ കേന്ദ്രം, മന്ദമരുതി |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.36/20.10.2023) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീസ് പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു ടി തുക ഈടാക്കിയ ശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച എല്ലാ പ്രൈവറ്റ് ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തിയിട്ടില്ല. 1997ലെ കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കാൻ പാടില്ല. 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടില്ല. രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ട്രിനിറ്റി ഹെൽത്ത് കെയർ, ഇട്ടിയപ്പാറ |
| 2 | തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, മന്ദമരുതി |
| 3 | ഡി.ഡി കുരുവിള സ്കിൻ സ്പെഷ്യലിസ്റ്റ്, ചെത്തോംകര |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.37/20.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രൈവറ്റ് ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും സമയബന്ധിതമായി രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്നു പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 വാടകക്കാരുമായി ചട്ടപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടില്ല

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ഈടാക്കി വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിൽ ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കേണ്ടതാണ്. 2022-23 ലെ വാടക കരാർ പരിശോധിച്ചതിൽ കരാർ വയ്ക്കാത്ത വാടകക്കാരുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറി നം. | | വാടകകാരന്റെ പേരും മേൽവിലാസവും |
|---|---|---|---|
| 1 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 1 | കെ ആർ അനിൽകുമാർ, കൊട്ടാരത്തിൽ, പഴവങ്ങാടി |
| 2 | | 4 | ജേക്കബ് തോമസ്, അട്ടത്തറയിൽ, പഴവങ്ങാടി |
| 3 | | 9 | പുരുഷോത്തമൻ നായർ, മുണ്ടയ്ക്കൽ വടക്കേതിൽ, വരവൂർ,പുല്ലുപ്രം പി.ഒ ,റാന്നി |
| 4 | | 11 | വിനു മോഹൻ, മഠത്തിൽ, റാന്നി |
| 5 | | 12 | വിനു മോഹൻ,മഠത്തിൽ, റാന്നി |
| 6 | | 13 | ഷാജി തോമസ്, അമ്പഴച്ചാലിൽ, കരികുളം പി. ഒ |
| 7 | | 14 | പുരുഷോത്തമൻ ഇ കെ, മുണ്ടയ്ക്കൽ വടക്കേതിൽ, വരവൂർ,പുല്ലുപ്രം പി.ഒ ,റാന്നി |
| 8 | | 15 | മത്തായി ജോർജ്,തെങ്ങും തോട്ടത്തിൽ, കരികുളം |
| 9 | | 16 | ലക്ഷ്മിയമ്മ രാജൻ,പുഷ്പ വിലാസം, ഐത്തല |
| 10 | | 17 | അൻസു രാജൻ, കളപ്പുരക്കൽ |

| | | | |
|---|---|---|---|
| | | | ഹൗസ്,കരികുളം |
| 11 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | 5 | അനിൽകുമാർ, കറുകപ്പള്ളിൽ, ഐത്തല |
| 12 | | 9 | ഉണ്ണിട്ടൻ കുര്യാക്കോസ്, പാറാനിക്കൽ, പഴവങ്ങാടി |
| 13 | | 10 | കെ.ടി.രവീന്ദ്രൻ, കൊച്ചു വീട്ടിൽ, ചെറുകുളഞ്ഞി, റാന്നി |
| 14 | | 11 | ശോഭന, തെക്കുംകോവിൽ, കരികുളം |
| 15 | | 15 | സലീം പി, ചന്ദനക്കാട്ടിൽ, ചങ്ങനാശ്ശേരി |
| 16 | | 16 | മൂക്കൻ, ചക്കുപള്ളം, പാലേക്കു ടി |
| 17 | | 17 | ഉഷാ ബാലകൃഷ്ണൻ, മേലേക്കുറ്റി, പഴവങ്ങാടി |
| 18 | | 18 | സീമ ഇ.ആർ , തലപ്പാല പുത്തൻവീട്,മഞ്ഞാടി തിരുവല്ല |
| 19 | | 19 | സാം ടി മാത്യു, തെങ്ങും തോട്ടത്തിൽ, പഴവങ്ങാടി |
| 20 | | 21 | രാമൻ രാഘവൻ, പുളിയുറുമ്പും കോട്ടു,പഴവങ്ങാടി |
| 21 | | 22 | വി.എ തോമസ്, കിഴക്കേ പുളിനിൽക്കും പറമ്പിൽ, ചെറുകുളഞ്ഞി |
| 22 | | 23 | മാത്യൂസ് ചെറിയാൻ, മഴുഞ്ചേരിൽ, കരികുളം |
| 23 | | 25 | അക്ബർ ഷാ, പ്ലാന്തോട്ടത്തിൽ, മുണ്ടക്കയം |
| 24 | | 26 | രാമകൃഷ്ണൻ.കെ.എസ്, തുണ്ടുകുന്നേൽ, മണ്ണടിശാല |
| 25 | | റിക്രിയേഷൻ ക്ലബ്ബ് II | ഷിബു ജോൺ,അമ്മനത്ത്, ഇടകടത്തി |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.32/19.10.2023) മറുപടി ലഭ്യമാക്കിയില്ല . പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ ചട്ടങ്ങൾക്കനുസൃതമായി വാടകക്കരാർ ചമയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അപാകത പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-21 ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 15/03/2023 ന് ശേഷമുള്ള ചുവടെ ചേർക്കുന്ന തീയതികളിലെ മിനിട്ട്സ് ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ചിരുന്നില്ല.

| ക്രമ നമ്പർ | യോഗം നടന്ന തീയതി |
|---|---|

| | |
|---|---|
| 1 | 27.07.2023 |
| 2 | 22.08.2023 |
| 3 | 25.08.2023 |
| 4 | 26.09.2023 |
| 5 | 04.10.2023 |

നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 1 തീയതി 16.10.2023) മറുപടി ലഭ്യമാക്കുകയോ മിനിറ്റ്സുകൾ പൂർത്തീകരിച്ച് സകർമ്മയിൽ ക്ലോസു ചെയ്യുകയോ ചെയ്തിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിന് ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 18,23,695 രൂപ അവശേഷിക്കുന്നു

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 18,23,695 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു. 2022-23 വർഷം മേൽ പദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് (31-03-2023) |
|---|---|---|---|---|---|
| 2022-23 | 887232 | 1103376 | 1990608 | 166913 | 1823695 |

ഗ്രാമപഞ്ചായത്തിന്റെ വിവിധ അങ്കണവാടികളുടെ ഭൗതിക സാഹചര്യത്തെപ്പറ്റി ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10 തീയതി, 17.10.2023) ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരം 31 അങ്കണവാടികളുള്ളതിൽ 17 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ. 15 അങ്കണവാടികൾ കുടിവെള്ളക്ഷാമം അനുഭവിക്കുന്നുണ്ട്. 3 അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായിട്ടും നാളിതുവരെ കെട്ടിടം പണി ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം ഇപ്രകാരമായിരിക്കെയാണ് അംഗൻവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതമായ 18,23,695 രൂപ ചെലവഴിക്കാതെയിട്ടിരിക്കുന്നത്. സർക്കാർ ഉത്തരവ് നം. 39033/ഡിസി2/10/ത.സ്വ.ഭ.വ തീയതി 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. കേന്ദ്രവിഹിതത്തിൽ ചെലവാകാതെ അവശേഷിക്കുന്ന 18,23,695 രൂപ ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പദ്ധതി നിർവ്വഹണം - സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ

14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ സബ്സിഡി മാർഗ്ഗരേഖ(സർക്കാർ ഉത്തരവ് (കൈ) നം. 115/2022 /തസ്വഭവ തീയതി 28.05.2022 ) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മാത്രമേ പരിശീലന പരിപാടികൾ(തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ) നടപ്പിലാക്കുവാൻ വ്യവസ്ഥയുള്ളു. എന്നാൽ ഇതിനു വിരുദ്ധമായി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ സ്കോളർഷിപ്പ് പരിശീലനം എന്ന പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | : | S0212/23- സ്കോളർഷിപ്പ് പരിശീലനം |
| ഫണ്ടിനം | : | വികസന ഫണ്ട് (ജനറൽ) |
| വകയിരുത്തിയ തുക | : | ₹ 35000 |
| ചെലവ് തുക | : | ₹ 30350<br>ബിൽ റഫറൻസ് നം. 22050452014401503450 |

| | | |
|---|---|---|
| | | തീയതി. 27.03.2023) |

പ്രോജക്ടിന്റെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അദ്ധ്യാപകർക്കുള്ള വേതനം | 19,800 |
| റിഫ്രഷ്മെന്റ് ചെലവ് | 9,100 |
| സ്റ്റേഷനറി ചെലവ് | 1,450 |
| ആകെ | ₹ 30,350 |

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്കോളർഷിപ്പ് പരിശീലനത്തിനായി ചെലവഴിച്ച 30,350 രൂപ നിരാകരിക്കുന്നതിന് എന്തെങ്കിലും തടസ്സവാദമുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20 തീയതി 19.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് എൽ.പി., യു.പി. വിദ്യാലയങ്ങളിലും പഠിക്കുന്ന സാധാരണക്കാരുടെ കുട്ടികളെ നാലാം ക്ലാസിലും (LSS സ്കോളർഷിപ്പ്) ഏഴാം ക്ലാസിലും (USS സ്കോളർഷിപ്പ്) നടക്കുന്ന മത്സര പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്നതിനായുള്ള പരിശീലനം നൽകുക എന്ന സദുദ്ദേശത്തോടെ ആവിഷ്കരിച്ച പരിശീലന പരിപാടിയായിരുന്നു എന്നാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്തും DPC-യും അംഗീകാരം നൽകിയ പ്രോജക്ട് ആയതിനാലാണ് ഇത് ഏറ്റെടുത്ത് നടപ്പാക്കിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതല ഏറ്റെടുത്ത ആദ്യവർഷത്തിൽ നടപ്പാക്കിയ പദ്ധതി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെന്ന് അറിയില്ലായിരുന്നു എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പ്രോജക്ട് 100% വിജയമായിരുന്നുവെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിച്ച് തുക നിരാകരിക്കുന്നില്ല. ഭാവിയിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവ്വഹണം നടത്തുവാനായി നിർവ്വഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുമ്പോൾ അവ മാനദണ്ഡ പ്രകാരമാണോയെന്നും ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്നും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ സവിശേഷ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-24 മരുന്നു വാങ്ങൽ പ്രവർത്തികൾ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർമാർ (അലോപ്പതി, ഹോമിയോ) നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതികൾക്ക് തുക നിക്ഷേപിച്ചെങ്കിലും മരുന്നുകൾ സമയബന്ധിതമായി ലഭിച്ചിട്ടില്ല. വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. & പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രഫോമ ഇൻവോയിസ് | പ്രഫോമ ഇൻവോയിസ് പ്രകാരമുള്ള തുക | ലഭ്യമാകുവാൻ അവശേഷിയ്ക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|
| 1 | S0025/23 പി.എച്ച്.സി-യ്ക്ക് മരുന്നു വാങ്ങൽ | മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യകേന്ദ്രം) | PRF 3175 Dt. 26.12.2022 | ₹ 9,00,000 | ₹ 5,54,517 രൂപയുടെ മരുന്നുകൾ |
| 2 | S00317/23 അതി ദാരിദ്ര നിർമ്മാജ്ജന പരിപാടി-മരുന്നുവാങ്ങൽ | | PRF 4362 Dt. 03.03.2023 | ₹ 1,05,000 | ₹ 27,174 രൂപയുടെ മരുന്നുകൾ |
| 3 | S0024/23 സാന്ത്വനം പരിചരണം | | PRF 4721 Dt. 24.02.2023 | ₹ 47,327 | ₹ 47,327 രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ |
| | | | PRF 3737 Dt. 18.09.2022 | ₹ 4,02,673 | ₹ 2,18,921 രൂപയുടെ മരുന്നുകൾ |
| 1 | S0019/23 ഹോമിയോയ്ക്ക് | മെഡിക്കൽ ഓഫീസർ | PRF PF 1026 Dt. 16.12.2022 | ₹ 4,00,000 | ₹ 2,67,719 രൂപയുടെ മരുന്നുകൾ |

| | | | | | | |
|---|---|---|---|---|---|---|
| | | മരുന്ന വാങ്ങൽ | (ഹോമിയോ) | | | ലഭ്യമാകുവാനുണ്ട്. |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈകൊള്ളേണ്ടതും ലഭിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ കരാറെടുത്തവർ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി നടത്തുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി.

| ക്രമ നം. | പ്രോജക്ട് വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ | കരാറുകാരൻ | കരാർ നമ്പർ, കരാർ കാലയളവ് |
|---|---|---|---|---|---|
| 1 | 2019-2020 | 245/20 - പഞ്ചായത്ത് ഓഫീസ് നവീകരണം | 450000 | ശ്രീ ടോജോ സി. മാത്യു | 22/19-20 /AE/LSGD/PZDI, Dtd. 30/10/19<br>180 ദിവസം |
| 2 | 2020-21 | 191/21 - ശ്മശാനം ചുറ്റുമതിൽ | 600000 | സി.ആർ. രഘു | 42/AE/LID&EW /PZVDI/2022-23, Dtd.24/03/2023<br>90 ദിവസം |
| 3 | 2019-2020 | 188/20 - പൊതു ടോയ് ലെറ്റ് നിർമ്മാണം (ഫ്രണ്ട് ഓഫീസ്) | 200000 | ശ്രീ അരുൺ ജോസഫ് | 45/19-20 /AE/LSGD/PZDI, Dtd.21/12/19<br>180 ദിവസം |
| 4 | 2021-2022 | 216/22 - തേക്കാട്ടിൽപടി -തെക്കേപറമ്പിൽ പടി റോഡ് | 334000 | ജോബിത്ത് ജോയി, ഐക്കാട്ട് ഹൌസ്, ഐത്തല, റാന്നി | 51/AE/LID&EW /P2VDI/2021-22, Dtd.28/12/2021<br>150 ദിവസം |
| 5 | 2021-2022 | 136/22 - വെള്ളാംകുഴി മൈലേറ്റ പടി റോഡ് കോൺക്രീറ്റ് | 100000 | വേണുഗോപാൽ എ.ജി., | 69/AE/LID&EW /PZVDI/2021-22, Dtd. 04/01/2022<br>150 ദിവസം |

കരാർ ഉടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങേണ്ടതും സ്ഥലം ഏറ്റുവാങ്ങിയാലുടൻ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. ഇതിൽ വീഴ്ചവരുത്തിയാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെകൊണ്ട് റീടെണ്ടറിലൂടെ പ്രവൃത്തി ചെയ്യിക്കാവുന്നതാണ്. കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തിയാക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും, ജാമ്യ നിക്ഷേപത്തിൽ നിന്നും, സ്ഥാവര ജംഗമ സ്വത്തുകളിൽനിന്നും വസൂലാക്കാവുന്നതാണ്. ഇപ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും കുറഞ്ഞത് 5 വർഷത്തേക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും വിലക്കേണ്ടതുമാണ് (18/08/2018-ലെ എ.സി.2/223/2015/തസ്വഭവ നമ്പർ സർക്കുലർ).

കരാർ ലംഘനം നടത്തിയവർക്കെതിരെ മേൽ പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/16.10.2023) അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ പ്രോജക്ട് നം.216 തേക്കാട്ടിൽപടി തെക്കേപറമ്പിൽപ്പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി ഫോറസ്റ്റിൽനിന്നും എൻ.ഒ.സി. ലഭിച്ചിട്ടില്ലാത്തതിനാൽ ഉപേക്ഷിക്കാൻ തീരുമാനിച്ച് 22/08/22-ൽ പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെന്നും, പ്രോജക്ട് നം. 136 വെള്ളാംകുഴി മൈലേറ്റുപടി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തി സ്ഥലവാസികളുടെ എതിർപ്പ് മൂലം ഉപേക്ഷിക്കാൻ തീരുമാനിച്ചതായും, പ്രവൃത്തി ക്യാൻസൽ ചെയ്യാൻ 05/04/22-ൽ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി എന്തെങ്കിലും തീരുമാനം എടുത്തതായോ, ക്ലോഷർ എഗ്രിമെന്റ് വെച്ച് കരാർ അവസാനിപ്പിച്ചിട്ടുള്ളതായോ കണ്ടില്ല.

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത മറ്റ് പ്രവൃത്തികളുടെ കരാറുകാർക്കെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 പരേതർക്കും ക്ഷേമപെൻഷൻ - സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം 3.77 ലക്ഷം രൂപ

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, മരണപ്പെട്ട 10 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ ക്രെഡിറ്റ് ചെയ്തുവരുന്നതായി വ്യക്തമായി. ഈ ഇനത്തിൽ 3,76,600 രൂപയുടെ നഷ്ടമാണ് സർക്കാർ ഖജനാവിന് ഉണ്ടായിട്ടുള്ളത്.

പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട്

ചെയ്യപ്പെടുകയുമാണെങ്കിൽ, റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മരണം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ ക്ഷേമപെൻഷൻ നിർത്തേണ്ടതാണ്(22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന. നമ്പർ സർക്കുലർ). പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് വീഴ്ചയുണ്ടായി.

ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണപ്പെട്ടതായി കണ്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | പെൻഷൻ ID | മരണപ്പെട്ട തീയതി/ മരണ രജി.നം. & തീ. | മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | അനർഹമായ കാലയളവ് | DBT സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| | കർഷക തൊഴിലാളി പെൻഷൻ | | | | | |
| 1 | മറിയാമ്മ തോമസ്<br>C/O കുന്നിലേത്ത്,ചെല്ലയ്ക്കാട്,<br>റാന്നി,ചെല്ലക്കാട് P. O | 103970100104 | 26/09/2020<br>105/2020<br>13/10/2020 | 53300 | 09/2020 - 06/2023 | ആക്ടീവ് |
| 2 | അമ്മിണി<br>6/77,പട്ടയിൽ ഹൌസ്<br>ചെല്ലക്കാട്ടു പി ചെല്ലക്കാട് P. O | 103970100209 | 06/04/2023<br>70/2023<br>07/05/2023 | 4800 | 04/2023 - 06/2023 | ആക്ടീവ് |
| | വാർദ്ധക്യകാല പെൻഷൻ | | | | | |
| 3 | കുട്ടപ്പൻ.ഐ.പി<br>8/546,ഇടശ്ശേരിമേപ്രത്ത്തൊട്ടലിൽ,<br>നീരാട്ട്കാവ്, | 103970200075 | 20/09/2021<br>133/2021<br>13/10/2021 | 35200 | 09/2021 - 06/2023 | ആക്ടീവ് |
| 4 | സക്കറിയ വർഗ്ഗീസ്<br>5/13,മംഗലത്തിൽ,ചെല്ലയ്ക്കാട്,<br>റാന്നി,ചെല്ലക്കാട് P. O | 103970200212 | 16/05/2023<br>77/2023<br>10/06/2023 | 3200 | 05/2023 - 06/2023 | ആക്ടീവ് |
| 5 | തങ്കപ്പൻ കെ.സി<br>9/514,ചരിവുപുരയിടത്തിൽ,<br>പഴവങ്ങാടി, റാന്നി | 103970200268 | 31/2020<br>14/03/2020<br>11/05/2020 | 60900 | 03/2020 - 06/2023 | ആക്ടീവ് |
| 6 | പൊന്നപ്പനാശാരി<br>11/325,ചാവരുപാറത്തടത്തിൽ,<br>ചെറുകുളഞ്ഞി, റാന്നി | 103970200292 | 06/02/2022<br>27/2022<br>17/02/2022 | 27200 | 02/2022 - 06/2023 | ആക്ടീവ് |
| 7 | ജാനകി<br>11/503,ചരിവുകാലായിൽ,ചെറുകുളഞ്ഞി,<br>റാന്നി,ചെറുകുളഞ്ഞി P. O, | 103970200293 | 14/08/2021<br>123/2021<br>23/09/2021 | 35200 | 09/2021 - 06/2023 | ആക്ടീവ് |
| 8 | ത്യാഗരാജൻ വി.എൻ<br>2/265,വടക്കേചരിവുകാലായിൽ,<br>മക്കപ്പുഴ, മക്കപ്പുഴ P. O | 103970200561 | 31/07/2022<br>119/2022<br>16/09/2022 | 17600 | 08/2022 - 06/2023 | ആക്ടീവ് |
| 9 | ശാന്തമ്മ എൻ<br>2/326,ചക്കിട്ടയിൽ,ചേത്തയ്ക്കൽ,<br>റാന്നി,ചേത്തയ്ക്കൽ P. O | 103970200566 | 08/10/2022<br>142/2022<br>21/10/2022 | 11200 | 10/2022 - 06/2023 | ആക്ടീവ് |
| 10 | രാജേന്ദ്രൻ ബി വി<br>3/262, ബ്രമാനോലിക്കൽ,<br>റാന്നി ഇടമണ് മക്കപ്പുഴ P. O | 103970201465 | 11/01/2023<br>18/2023<br>01/02/2023 | 9600 | 01/2023 - 06/2023 | ആക്ടീവ് |
| | ഡിസബിലിറ്റി പെൻഷൻ | | | | | ആക്ടീവ് |
| 11 | സൈമൺ ഏബ്രഹാം<br>C/Oഎം.എം.ഏബ്രഹാം,<br>മഴവഞ്ചേരിൽ,ചെല്ലയ്ക്കാട്, റാന്നി,<br>ചെല്ലക്കാട് P. O | 103970400099 | 29/01/2022<br>34/2022<br>11/03/2022 | 28800 | 01/2022 - 06/2023 | ആക്ടീവ് |
| | വിധവ പെൻഷൻ | | | | | |
| 12 | പാറുക്കുട്ടി പാപ്പി<br>C/Oചരിവുകാലായിൽ,<br>കരികുളം, റാന്നി,കരികുളം P. O, | 103970600042 | 12/10/2021<br>150/2021<br>10/11/2021 | 32000 | 10/2021 - 06/2023 | ആക്ടീവ് |

| | | | | | | |
|---|---|---|---|---|---|---|
| 13 | കമലമ്മ<br>C/O തോമ്പിൽ,കരികുളം,റാന്നി, കരികുളം P. O | 103970600050 | 27/12/2022<br>30/2023<br>16/02/2023 | 11200 | 12/2022 - 06/2023 | ആക്ടീവ് |
| 14 | കൊച്ചുപെണ്ണ്<br>7/682,വഞ്ചികപ്പാറത്തടത്തിൽ, മോതിരവയൽ, റാന്നി, കരികുളം P. O | 103970600417 | 18/09/2021<br>149/2021<br>03/11/2021 | 35200 | 09/2021 - 06/2023 | ആക്ടീവ് |
| 15 | ശാരദാമ്മ വി.എൻ<br>2/152,പാലയ്ക്കാട്ട്,ചേത്തയ്ക്കൽ, റാന്നി,ചേത്തയ്ക്കൽ P. O | 103970600628 | 19/12/2022<br>6/2023<br>11/01/2023 | 11200 | 12/2022 - 06/2023 | ആക്ടീവ് |
| | ആകെ | | | 376600 | | |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. വിശദമായ പരിശോധനയിലൂടെ മാത്രമേ ഈ ഇനത്തിൽ സർക്കാർ ഖജനാവിനുണ്ടായിട്ടുള്ള യഥാർത്ഥ നഷ്ടം നിജപ്പെടുത്താനാവൂ. മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം.67/2020/ധന, തീ. 05.11.2020). ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

പരേതരുടെ ക്ഷേമപെൻഷൻ അക്കൌണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കില്ല

ഓഡിറ്റ് വർഷം ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത വിവിധ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടു. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ, നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ്, ആയത് അനുവദിക്കാവുന്നതാണ്. ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി അധിക പൂർത്തീകരണ കാലാവധി ആ പ്രവൃത്തിയുടെ അനുവദനീയമായ കാലാവധിയുടെ പകുതി മാത്രമായിരിക്കും. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർ തുകയുടെ 1% (1000 രൂപയിൽ കുറയാതെയും, 100000 രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതുമാണ്. കരാർ കാലാവധി നീട്ടികൊടുക്കുമ്പോഴും അധിക ജോലി ചെയ്യേണ്ടിവരുമ്പോഴും അനുബന്ധ കരാർ (Supplementary Agreement) വയ്ക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ സംഗതിയിൽ കരാറുകാർ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് അസി.എഞ്ചിനീയർ കരാർ ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതിരുന്ന ഇനത്തിലുള്ള നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | കരാറിൽ ഏർപ്പെട്ട് സ്ഥലം കൈമാറിയ തീയതി | കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട തീയതി | പണിപൂർത്തീകരിച്ച തീയതി | കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ ( 3% ) | ഈടാക്കിയ ഫൈൻ | കുറവ് |
|---|---|---|---|---|---|---|---|
| 136/20 - നമ്പർ 60 - അംഗൻവാടി പുനരുദ്ധാരണം<br>അടങ്കൽ - 150000<br>കരാറുകാരൻ - ശ്രീ റ്റോജോ സി. മോൻസി<br>കരാർ നം. തീ. 69/2019-20, തീ. 24/01/2020<br>കരാർ കാലയളവ് - 6 മാസം<br>പി.എ.സി. - 133791.88 | 24/01/20 | 23/07/20 | 23/03/23 | 2 വർഷം 8 മാസം | 4014 | 3000 | 1014 |

| | | | | | | | |
|---|---|---|---|---|---|---|---|
| ചെലവ് - 134544<br>എം.ബുക്ക് നം. 86/ 19-20, 136/19-20<br>ബിൽ നം., തീ. - 22050452013701541459, തീ. 28/03/23 | | | | | | | |
| 92/22 - വിവിധ അങ്കണവാടികളുടെ നവീകരണം<br>അടങ്കൽ - 591000<br>കരാറുകാരൻ - ശ്രീ റ്റിജോ തോമസ്<br>കരാർ നം. തീ. 81/2021-22, 31.03.22<br>കരാർ കാലയളവ് - 4 മാസം<br>പി.എ.സി. - 588040.5<br>ചെലവ് - 423776<br>എം.ബുക്ക് നം. 81/22-23, 81/22-23(B)<br>ബിൽ നം., തീ.22050452013701498161<br>27/03/23 | 31/03/22 | 30/07/22 | 15/02/23 | 6 മാസം<br>16 ദിവസം | 17641 | 0 | 17641 |

പിഴ ഈടാക്കാതിരുന്ന ഇനത്തിലുള്ള നഷ്ടം കരാറുകാരുടെ ഇ.എം.ഡി./സെക്യൂരിറ്റി, അവർക്ക് നൽകാനുള്ള ഏതെങ്കിലും ബിൽ തുകയിൽനിന്നോ, റീടെൻഷനിൽനിന്നോ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടം പിഴ ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് ചട്ടം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ പേയ്മെന്റ് നൽകിയില്ല

പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ കരാറെടുക്കുന്നവർക്ക് യഥാസമയം ബിൽ തുക നൽകുന്നില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(7) പ്രകാരം ഒരു പൊതുമരാമത്ത് പണി പൂർത്തിയായിക്കഴിഞ്ഞാൽ കരാറുകാരൻ രേഖാമൂലം വിവരം പഞ്ചായത്ത് സെക്രട്ടറിയെയും, അസിസ്റ്റന്റ് എഞ്ചിനീയറേയും അറിയിക്കേണ്ടതും, അറിയിപ്പ് കിട്ടി ഒരാഴ്ചയ്ക്കകം പണികളുടെ അളവെടുക്കലും ചെക്ക്മെഷർമെന്റ് നടത്തലും പൂർത്തിയാക്കേണ്ടതും, അതിനു ശേഷം രണ്ടാഴ്ചയ്ക്കകം പണിയുടെ അവസാന പേയ്മെന്റ് നടത്തേണ്ടതുമാണ്. മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ കരാറുകാർക്ക് യഥാസമയം പേയ്മെന്റ് നൽകുന്നതിൽ വീഴ്ചയുണ്ടായതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ചെക്ക് മെഷർമെന്റ് ചെയ്ത തീയതി | അളവ് പുസ്തകത്തിൽ ബിൽ തയ്യാറാക്കി അംഗീകരിച്ച തീയതി | പേയ്മെന്റ് നൽകിയ തീയതി |
|---|---|---|---|---|---|
| 1 | 213/22 - പി എച്ച് സി ഷെഡ് നിർമ്മാണം<br>അടങ്കൽ - 100000<br>കരാറുകാരൻ - ശ്രീ റ്റോജോ സി മെൻസി | 25.03.22 | 28/03/22 | രേഖപ്പെടുത്തിയിട്ടില്ല | 15/09/22 |
| 2 | 169/22 - പോക്കണംമുക്ക് സബ് സെന്റർ പുനരുദ്ധാരണം<br>അടങ്കൽ - 100000<br>കരാറുകാരൻ - ശ്രീ അരുൺ ജോസഫ് | 14.03.22 | 15/03/22 | രേഖപ്പെടുത്തിയിട്ടില്ല | 21/12/22 |

| | | | | | |
|---|---|---|---|---|---|
| 3 | പ്ലാച്ചേരി ആറൊന്നിൽ പടി പുത്തൻ പുരക്കൽ പടി റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 100000<br>കരാറുകാരൻ - ശ്രീ ബോണി വർഗ്ഗീസ് തോമസ് | 05.02.22 | 08/02/22 | രേഖപ്പെടുത്തിയിട്ടില്ല | 09/11/22 |

മേൽ പറഞ്ഞ പ്രവൃത്തികളുടെ സംഗതിയിൽ യഥാസമയം ബിൽ തയ്യാറാക്കി പേയ്മെന്റ് നൽകാത്തതുകാരണം 2021-22 വർഷം ഈ പ്രവൃത്തികൾക്ക് വകയിരുത്തിയ ഫണ്ട് ലാപ്സാകുകയും, ചെലവ് തുടർ വർഷത്തെ അലോട്ട്മെന്റിൽനിന്നും വഹിക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. കരാറുകാർക്ക് സമയബന്ധിതമായി പേയ്മെന്റ് നൽകാതിരുന്നത് വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/17.10.23) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യമാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായി. ഓഡിറ്റ് വർഷം ആവിഷ്കരിച്ച 75 മരാമത്ത് പ്രവൃത്തികളിൽ 1.75 കോടി രൂപ അടങ്കലുണ്ടായിരുന്ന 32 പ്രവൃത്തികൾ തൻവർഷം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. നടപ്പിലാക്കാത്ത പ്രോജക്ടുകളിൽ 14 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നുവെന്നത് എടുത്തു പറയേണ്ട സംഗതിയാണ്. ഓഡിറ്റ് വർഷത്തെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത് 18.11.2022-ൽ മാത്രമാണ്. ടെണ്ടർ നടപടികൾ സാമ്പത്തിക വർഷാന്ത്യം വരെ നീണ്ടു പോയി.

(2) സംരക്ഷണ ഗ്രാന്റ് 29.52 ലക്ഷം രൂപ ലാപ്സാക്കി

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ഫണ്ട് വിനിയോഗിക്കാത്തതിനാൽ പദ്ധതികൾക്ക് വകയിരുത്തിയ റോഡ്/റോഡിതര മെയിന്റനൻസ് ഗ്രാന്റ് വലിയ തോതിൽ ലാപ്സായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭ്യമായ ഫണ്ട് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| റോഡ് മെയിന്റനൻസ് ഗ്രാന്റ് | 8924000 | 6609920 | 2314080 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 6104000 | 5465834 | 638166 |
| ആകെ | | | 2952246 |

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയത് വീഴ്ചയാണ്.

(3) വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് പദ്ധതികൾ നടപ്പിലാക്കുന്നു

പൊതുമരാമത്ത് പ്രവൃത്തികളിൽ ഭൂരിപക്ഷവും 25-30 മീറ്റർ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പദ്ധതികൾ നടപ്പിലാക്കാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ചെറുതും ഫലക്ഷമത കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് പശ്ചാത്തല മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

(4) ടെണ്ടർ നടപടികൾ സുതാര്യമല്ല

പ്രോജക്ടുകൾ ടെണ്ടർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം 14176800 രൂപ അടങ്കലുണ്ടായിരുന്ന 52 പ്രോജക്ടുകളായിരുന്നു ആവിഷ്കരിച്ചിരുന്നത്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികളും പത്ര പരസ്യം നൽകി ടെണ്ടർ ക്ഷണിച്ചുവേണം നടത്താൻ. പത്ര പരസ്യം നൽകുന്നതിനോടൊപ്പം തദ്ദേശഭരണ വകുപ്പിന്റെ വെബ് സൈറ്റിലും പരസ്യം ചെയ്യണം. എന്നാൽ വർത്തമാന പത്രത്തിലോ, വെബ്സൈറ്റിലോ ടെണ്ടർ പരസ്യം നൽകിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ഓഡിറ്റിന് ലഭിച്ചിട്ടില്ല.

(5) ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൌണ്ട് ആരംഭിച്ചില്ല

ടെണ്ടർ ഫീസ് പിരിക്കുന്നതിന് അസി. എഞ്ചിനീയർ അക്കൗണ്ട് തുറന്നിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലൂടെയാണ് ഇപ്പോഴും ടെണ്ടർ ഫീസ് പിരിക്കുന്നത്. ഇക്കാരണത്തിൽ ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ ലഭിക്കാത്ത അവസ്ഥയുണ്ട്. ഓഡിറ്റ് വർഷം ഇ-ടെണ്ടർ ഫീസ് ഇനത്തിൽ പിരിച്ചെടുത്ത 21580രൂപ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ഈ ഇനത്തിൽ പിരിച്ചെടുത്ത തുകകയുടെ കണക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇത് വരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീസ് തിരികെ ഈടാക്കണം. കൂടാതെ പഞ്ചായത്തിൽ ടെണ്ടർ ഫീസ് പിരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എത്രയും വേഗം അക്കൌണ്ട് ആരംഭിക്കേണ്ടതാണ്.

(6) ഇ-ടെണ്ടർ ഒഴിവാക്കിയതിലൂടെ ടെണ്ടറുകളുടെ മത്സര സ്വഭാവം ഇല്ലാതായി

ഓഡിറ്റ് വർഷം 13 മരാമത്ത് പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ ചെയ്തിട്ടുള്ളത്. 2022-23 വാർഷിക പദ്ധതിയിൽ 5 ലക്ഷം രൂപ വരെയുള്ള മരാമത്ത് പ്രവർത്തികൾ 31.03.2023 വരെ ഇ ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കി 20.11.2022 ലെ 204/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ ചുവട് പിടിച്ച് പഞ്ചായത്തിൽ ഭൂരിപക്ഷം പ്രവൃത്തികളും മാനവൽ ടെണ്ടർ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ഈ സാഹചര്യം പ്രയോജനപ്പെടുത്തി കരാറുകാർ ഒത്തുതീർപ്പിലൂടെ ടെണ്ടറുകളുടെ മൽസര സ്വഭാവം നഷ്ടപ്പെടുത്തി ഗ്രാമപഞ്ചായത്തിന് നഷ്ടം വരുത്തിയതായാണ് വ്യക്തമായിരിക്കുന്നത്. ചുരുക്കം ചില പ്രവൃത്തികൾ ഒഴികെ ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ടെണ്ടർ സേവിംഗ്സ് ഇനത്തിലും ഫോറം വിലയിലൂടെയും ലഭിക്കുമായിരുന്ന വലിയ വരുമാനമാണ് ഇ-ടെണ്ടർ ഒഴിവാക്കിയതിലൂടെ പഞ്ചായത്തിന് നഷ്ടമായത്.

(7) രജിസ്റ്ററുകളും , രേഖകളും സൂക്ഷിക്കുന്നതിൽ അപാകം

ടെണ്ടർ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഇ.എം.ഡി. ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചേർക്കുന്നില്ല. ടെണ്ടർ ലഭിച്ച തീയതി, പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ, ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാന നമ്പർ, ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ സന്നിഹതരായ കരാറുകാരുടെ കൈയ്യൊപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല. ടെണ്ടർ രജിസ്റ്റർ ആധികാരികമല്ല.

എഗ്രിമെന്റ് രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. പ്രജക്റ്റ് നമ്പർ, പി.എ.സി., സെക്യൂരിറ്റി തുകയുടെ വിവരം, പ്രവൃത്തി പൂർത്തീകരണ കാലയളവ് എന്നിവ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഫയൽ സൂക്ഷിപ്പിൽ അപാകതയുണ്ട്. ലഭിച്ച ടെണ്ടറുകൾ ടാബുലേറ്റ് ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരുമായി മുദ്രപത്രത്തിൽ കരാർ ചമയ്ക്കുമ്പോൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല. ഉദാഹരണമായി പ്രവൃത്തി പൂർത്തീകരണ കാലയളവ് എഗ്രിമെന്റിൽ വ്യക്തമാക്കുന്നില്ല. ജാമ്യ നിക്ഷേപമായി ഈടാക്കിയിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിന്റെ വിശദാംശം ഉൾപ്പെടുത്തുന്നില്ല. എഗ്രിമെന്റിൽ അസി.എഞ്ചിനീയറും, സാക്ഷികളും കൈയ്യൊപ്പിട്ട് ആധികാരികമാക്കുന്നില്ല.

കരാറുകാരുമായി ഏർപ്പെടുന്ന എഗ്രിമെന്റിലെ വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല. ഇതിനകം DSR സ്പെസിഫിക്കേഷനുകളും, നിരക്കുകളുമാണ് പ്രവൃത്തി നടത്തുന്നതിന് അവലംബിച്ചിട്ടുള്ളതെങ്കിലും, കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കൻ അനുസരിച്ച് പണി നടത്തുന്നതിനാണ് കരാറാൽ വ്യവസ്ഥ ഉൾപ്പെടുത്തയിട്ടുള്ളത്.

(8) സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം ക്രമപ്രകാരമല്ല

അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ റോഡ് ആസ്തികളുടെ യുണീക് നമ്പർ ചേർക്കാത്തതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുനരുദ്ധാരണം നടത്തുന്ന റോഡുകൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോയെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

(9) മരാമത്ത് പ്രവൃത്തികൾക്ക് മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കുന്നില്ല

നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും, ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയതായി കാണുന്നില്ല.

മേൽ അപാകതകളിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-30 ശബരിമല സ്പെഷ്യൽ ഫണ്ട്- പ്രത്യേക അക്കൗണ്ടിലേക്ക് 2.90 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്തില്ല

ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനും മണ്ഡലകാലത്ത് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ലഭിക്കുന്ന ശബരിമല സ്പെഷ്യൽ ഫണ്ട്, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിരുന്നു. ആയതിനാൽ ലഭിക്കുന്ന ഫണ്ട് സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് മാറ്റി ഇടേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് ഇന്ത്യൻ ബാങ്കിന്റെ പഴവങ്ങാടി ശാഖയിൽ 21-06-2023-ൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് പ്രസ്തുത അക്കൗണ്ടിലേക്ക് 11,96,982 രൂപ മാറ്റിയിടുകയും ചെയ്തിട്ടുണ്ട്.

ശബരിമല ഫണ്ടിന്റെ ധനവിനിയോഗം രേഖപ്പെടുത്തുന്ന രജിസ്ററർ പരിശോധിച്ചതിൽ, 2021-22-ൽ ലഭിച്ച 2,90,000 രൂപ (ഉത്തരവ് നം. സ.ഉ.(സാധാ) 2523/2021 തീയതി, 08-12-2021) രജിസ്റ്ററിൽ വരവ് വെച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ 2,90,000 രൂപ പുതിയതായി ആരംഭിച്ച അക്കൗണ്ടിലേക്ക് മാറ്റിയിട്ടുമില്ല. ആയത് അടിയന്തിരമായി മാറ്റിയിടേണ്ടതാണ്.

2012-13 കാലയളവ് മുതൽ ശബരിമല സ്പെഷ്യൽ ഫണ്ട് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നുണ്ടെങ്കിലും 2016-17 മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മുമ്പ് ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ കൂടി രേഖപ്പെടുത്തേണ്ടതും മിച്ചമുള്ള തുക പുതിയ അക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടതുമാണ്.

### 1-31 പൊതുടാപ്പുകളുടെ കണക്കെടുപ്പ്- സംയുക്ത പരിശോധന റിപ്പോർട്ട് വാട്ടർ അതോറിറ്റി ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നിലവിൽ 220 പൊതുടാപ്പുകളുണ്ട് (വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം). ഇതിന്റെ പ്രതിമാസ വെള്ളക്കരം 2,66,915 രൂപയാണ്. 2022-23 സാമ്പത്തിക വർഷം വെള്ളക്കരമിനത്തിൽ റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 14,33,903 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 11-10-2023 ലെ ബിൽ പ്രകാരം നിലവിലുള്ള വെള്ളക്കരം ഡിമാന്റ്, പലിശയുൾപ്പെടെ 74,53,751 രൂപയാണ്. 2023 മാർച്ച് മുതൽ ടാപ്പൊന്നിന് പ്രതിവർഷം അടയ്ക്കേണ്ട തുക 5788 രൂപയിൽ നിന്നും 14600 രൂപയായി കുത്തനെ വർദ്ധിപ്പിച്ചതുമൂലമാണ് കുടിശ്ശികയും ഉയരാൻ ഇടയായത്. ഗ്രാമപഞ്ചായത്തിൽ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല.

പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുവാൻ ഗ്രാമപഞ്ചായത്ത് നിരവധി തവണ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 17.6.2022-ൽ പരിശോധന നടത്തിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 19/11/2022 ലെ 10(1) തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിലെ 80 ശതമാനം ടാപ്പുകളും നിലവിൽ പ്രവർത്തനരഹിതമാണെന്നും സംയുക്ത പരിശോധന റിപ്പോർട്ട് ലഭിക്കാത്തതിനാലാണ് നിലവിൽ വെള്ളക്കരം അടയ്ക്കാത്തതെന്നും, സൂചിപ്പിച്ച് പരിശോധന റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് തുക ഒടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഭാഗത്തു നിന്നുള്ള നിരുത്തരവാദപരമായ സമീപനവും ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുള്ള സമയോചിതമായ ഇടപെടലിന്റെ അഭാവവും കാരണമാണ് വിഷയം ഗൗരവതരമായത്.

### 1-32 പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ-ഫണ്ട് നിഷ്ക്രിയമായി

ഗ്രാമപഞ്ചായത്തുകളിൽ കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും യുവാക്കളെ സ്പോർട്സിലേക്ക് ആകർഷിക്കുന്നതിനുമായി കേന്ദ്രം ലഭ്യമാക്കിയ പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ ഫണ്ട് (പൈക്ക) നിഷ്ക്രിയമായി. ടി ഫണ്ടിനത്തിൽ 3,65,547 രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിൽ (നം. 67090978699) നിഷ്ക്രിയമായി കിടക്കുന്നു. പ്രവർത്തന രഹിതമായ ബാങ്ക് അക്കൗണ്ടുകളുടെ ഗണത്തിലാണ് നിലവിൽ ഈ അക്കൗണ്ടിനെ ബാങ്ക് ഉൾപ്പെടുത്തിയിരിക്കുന്നത്. വർഷങ്ങളായി ഈ അക്കൗണ്ടിൽ ഇടപാടുകൾ ഒന്നും തന്നെ നടക്കാതിരുന്നതുമൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. പ്രസ്തുത ബാങ്ക്

അക്കൗണ്ട് പ്രവർത്തനക്ഷമമാക്കി ലഭ്യമായ തുക സ്പോർട്സ് സംബന്ധമായ കാര്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

## 1-33 കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 36,000 രൂപ അവശേഷിക്കുന്നുണ്ട്.

2) 2022-23-ലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഏകദേശം 3 മുതൽ 5 വർഷങ്ങൾക്ക് മുൻപ് ലഭ്യമായ നിക്ഷേപങ്ങൾ വരെ നിലവിലും ക്യാരി ഓവർ ചെയ്തുവരുന്നതായി കാണുന്നു. പ്രോജക്ട് അല്ലെങ്കിൽ ഉദ്ദേശ്യം പൂർത്തിയാക്കിയ ശേഷവും 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഭരണസമിതിയുടെ അനുമതിയോടുകൂടി മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു (Kerala Financial Code Vol-1, Article-282). 2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് സംബന്ധിച്ച് വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുമില്ല. കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## 1-34 ലൈബ്രറി സെസ്സ് ഒടുക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്, രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ.10088/എൽ 3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷം രണ്ട് അർദ്ധവർഷങ്ങളിലായി ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത 4,06,646 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവ് വരെ ഈ തുക ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല. തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത തീർക്കേണ്ടതാണ്.

## 1-35 ഔദ്യോഗിക വാഹനം-ലേല നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മാലിന്യ നീക്കത്തിന് ഉപയോഗിച്ചിരുന്ന KL-03S-602 നമ്പറിലുള്ള മഹീന്ദ്ര ടിപ്പർ പ്രവർത്തനക്ഷമമല്ലായതിനെ തുടർന്ന് 31/10/2022-ൽ ഓട്ടം അവസാനിപ്പിച്ചിട്ടുള്ളതാണ്. നിലവിൽ വാഹനം പ്രവർത്തനക്ഷമമാക്കി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. 2009 സാമ്പത്തിക വർഷം വാങ്ങിയ വാഹനം റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുന്നതാണ്.

2024-ൽ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി അവസാനിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷനുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ അൺ എക്കോണമി സർട്ടിഫിക്കറ്റും വാല്യേഷനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും Registerd Vehicle Scrapping Fecility (RVSF) മുഖേന വാഹനം സ്ക്രാപ്പ് ചെയ്യുന്നതിനുള്ള തുടർ നടപടികൾപഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്.

## 1-36 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ പഞ്ചായത്തിന് ബാധ്യതയായി

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധങ്ങളായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രോജക്ടുകളിലൂടെ ചെലവഴിക്കാതെ വർഷങ്ങളോളം ബാധ്യതയായി അവശേഷിക്കുന്നതായി കാണുന്നു. 31-03-2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പായി അവശേഷിക്കുന്ന ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡുകൾ | ഇനം | തുക |
|---|---|---|
| 320100136 | National Bio Gas Development Project | 59,708 |
| 320100195 | Grants/Funds For Epidemic Control | 4,00,000 |
| 320100999 | Other Liabilities | 2,99,069 |
| 320200304 | Grants, Funds & Contributions For Specific Purposes | 1,10,824 |
| 320200399 | „ Other Purposes | 7,39,145 |
| 320300199 | „ Other Governmnent Agencies | 28,01,003 |
| 320400199 | „ Other Financial Institutions | 10,29,541 |

വിവിധ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ രേഖകളോ രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിവിധ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാൻ സാധിക്കാത്തതിനും തിരിച്ചടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി നിലനിർത്തിയിരിക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/2022-23/19.10.2023) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കേണ്ടതും നീക്കിയിരിപ്പ് തുകയുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററിലും വാർഷിക കണക്കിലും ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-37 സെക്രട്ടറിയ്ക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 48.71 ലക്ഷം രൂപ അടങ്കലുള്ള 22 പദ്ധതികൾ നടപ്പിലാക്കിയില്ല

2022-23-ലെ വാർഷിക പദ്ധതിയിൽ സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ ആവിഷ്കരിച്ച 4871261 രൂപ അടങ്കലുണ്ടായിരുന്ന 22 പ്രോജക്ടുകൾ നടപ്പിലാക്കി ധനവിനിയോഗം നടത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | തരം | അടങ്കൽ | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 16 | കുടിവെള്ള വിതരണം | New | 250000 | തനത് ഫണ്ട് |
| 2 | 69 | സി സി റ്റി വി സ്ഥാപിക്കൽ | New | 1000000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്+തനത് ഫണ്ട് |
| 3 | 74 | സമ്പൂർണ്ണ പാർപ്പിട പദ്ധതി ലൈഫ് മിഷൻ ഹഡ്‌കോ വായ്പ്പ തിരിച്ചടവ് | New | 335894 | വികന ഫണ്ട് |
| 4 | 76 | ശബരിമല സീസണിൽ ശുചികരണ സാധനങ്ങൾ വാങ്ങൾ | New | 50000 | തനത് ഫണ്ട് |
| 5 | 88 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ | New | 150000 | വികസന ഫണ്ട് |
| 6 | 89 | കുഴൽ കിണർ മെയിൻറ്റനൻസ് | New | 100000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 7 | 91 | ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് | New | 50000 | തനത് ഫണ്ട് |
| 8 | 92 | ആസ്തി സംരക്ഷണം ജിയോ സർവ്വേ | New | 300000 | തനത് ഫണ്ട് |
| 9 | 93 | മാടത്തരുവി മീമുട്ടപാറ ടൂറിസം പദ്ധതി ഡി പി ആർ തയ്യാറാക്കൽ | New | 50000 | തനത് ഫണ്ട് |
| 10 | 147 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഡി പി ആർ തയ്യാറാക്കൽ | New | 500000 | തനത് ഫണ്ട് |
| 11 | 202 | മക്കപ്പുഴ പനവേലിക്കുഴി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ മെയിന്റനൻസ് | New | 100000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 12 | 238 | സൈറൺ സ്ഥാപിക്കൽ | New | 100000 | തനത് ഫണ്ട് |
| 13 | 239 | വാതിൽപ്പടി സേവനം | New | 150000 | വികസന ഫണ്ട്+മറ്റിനം |

| | | | | | |
|---|---|---|---|---|---|
| 14 | 246 | ഐ എസ് ഒ സർട്ടിഫിക്കേഷൻ തുക | New | 100000 | തനത് ഫണ്ട് |
| 15 | 247 | വിവിധ അങ്കണവാടികൾ സ്കൂളുകൾ എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മാണം | New | 600000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 16 | 266 | പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ | New | 300000 | തനത് ഫണ്ട് |
| 17 | 295 | എ ബി സി പ്രോഗ്രാം | New | 50000 | വികസന ഫണ്ട് |
| 18 | 139 | പഞ്ചായത്ത് ആഫീസ് മീറ്റിംഗ് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ | SO | 200000 | തനത് ഫണ്ട് |
| 19 | 140 | കുടിവെള്ള വിതരണം | SO | 300000 | തനത് ഫണ്ട് |
| 20 | 141 | സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ | SO | 150000 | വികസന ഫണ്ട് |
| 21 | 142 | പഞ്ചായത്ത് ഹാളിലേക്ക് കസേര വാങ്ങൽ | SO | 30000 | വികസന ഫണ്ട് |
| 22 | 144 | തെരുവുവിളക്ക് വാങ്ങൽ - | SO | 5367 | വികസന ഫണ്ട് |
| | | ആകെ | | 4871261 | |

നടപ്പിലാക്കാത്ത പ്രോജക്ടുകളിൽ 5 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. സ്പിൽ ഓവർ പ്രോജക്ടുകൾ അവ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തിയാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. നടപ്പിലാക്കാത്ത പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ 27.65 ലക്ഷം രൂപ തനത് ഫണ്ടും, 13.35 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും, 7.71 ലക്ഷം രൂപ വികസന ഫണ്ടുമാണ്. 48.71 ലക്ഷം രൂപയുടെ പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹിച്ച് ധനവിനിയോഗം നടത്താതിരുന്നത് വീഴ്ചയാണ്.

വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാതിരിക്കുന്നത് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുമായിരുന്ന ആസ്തികൾ സൃഷ്ടിക്കപ്പെടാതെ പോകുന്നതിനും, അതുമൂലം പൊതു സമൂഹത്തിന് ലഭിക്കുമായിരുന്ന പ്രയോജനം നിഷേധിക്കപ്പെടുന്നതിനും ഇടയാക്കും. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ധനവിനിയോഗം നടത്തുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 12 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ; ദീർഘവീക്ഷണമില്ലാത്ത പദ്ധതി നിർവ്വഹണം

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ പ്രോജക്ട് നമ്പർ 145/23 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 12 ലക്ഷം രൂപ വകയിരുത്തി പഴവങ്ങാടി പഞ്ചായത്തിലെ 12 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് 11/04-07-2022 നമ്പർ ബിൽ പ്രകാരം 12 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട പി.എച്ച്. ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തു.

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനായി കേന്ദ്രസർക്കാർ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തിലും പുരോഗമിക്കവെയാണ് പഞ്ചായത്ത് ഈ പദ്ധതി ഏറ്റെടുത്തത്. കേന്ദ്രഫണ്ട് വിനിയോഗിച്ച് ഒരു സമഗ്ര പദ്ധതി നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ ദീർഘവീക്ഷണമില്ലാതെയാണ് ഗണ്യമായ തുക ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്തത്. ജലഅതോറിറ്റി അധികൃതരുമായി ആശയവിനിമയം നടത്തിയതിൽ ജൽജീവൻ പദ്ധതി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ ടി പ്രോജക്ടിന്റെ നിർവ്വഹണം മരവിപ്പിച്ചിരിക്കുയാണെന്ന് അറിയാൻ സാധിച്ചു. പഞ്ചായത്തിന്റെ അടിസ്ഥാന സേവന മേഖലകളിൽ ഫലപ്രദമായി വിനിയോഗിക്കാമായിരുന്ന ഫണ്ടാണ് അധികൃതരുടെ ദീർഘവീക്ഷണമില്ലായ്മ മൂലം മുടങ്ങിക്കിടക്കുന്നത്.

കേരള വാട്ടർ അതോറിട്ടി, കെ.എസ്.ഇ.ബി. മുതലായ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിന് തുക മുൻകൂറായി നൽകുമ്പോൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടേണ്ടത് നിർബന്ധമാണ്. ഈ പ്രോജക്ടിന്റെ കാര്യത്തിൽ മുദ്രപത്രത്തിൽ എഗ്രിമെന്റ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒപ്പും, സീലും പതിപ്പിച്ച് അധികൃതമാക്കിയിട്ടില്ല. കൂടാതെ തുക ഒടുക്കിയതിന്റെ വിശദാംശം (UTR നമ്പർ) കത്ത് മുഖേന വാട്ടർ അതോറിട്ടി അധികൃതരെ അറിയിക്കുകയോ, തുക കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീതി വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ചെലവഴിക്കപ്പെടാതെ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതിപ്പണം തിരികെ വാങ്ങി

സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-39 ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമല്ല

ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമായി സൂക്ഷിച്ചില്ല. പഞ്ചായത്തിന്റെ 2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 1/23 തെരുവ് വിളക്ക് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 7 ലക്ഷം രൂപ വകയിരുത്തി തെരുവ് വിളക്ക് തെളിക്കുന്നതിനുള്ള LED ബൾബുകളും അനുബന്ധ സാധനങ്ങളും ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങി. എഷ്യൻ മാർക്കറ്റിംഗ്, വാഴക്കാട്, മലപ്പുറം എന്ന സ്ഥാപനത്തിൽനിന്നും 695063രൂപ ചെലവഴിച്ച് ചുവടെ ചേർക്കുന്ന സാധനങ്ങളാണ് വാങ്ങിയത്.

ഇൻവോയ്സ് നം. A93/23-12-2022

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | ജി.എസ്.ടി (18%) | ആകെ | തുക |
|---|---|---|---|---|---|---|
| 1 | 18W LED | 3200 | 145.76 | 26.24 | 172 | 550389.76 |
| 2 | PENDENT HOLDER | 3200 | 13.56 | 2.44 | 16 | 51202.56 |
| 3 | SHADE | 1300 | 32.20 | 5.8 | 38 | 49394.8 |
| 4 | 1.5 SQM. ALUMINIUM CABLE | 170 | 209.75 | 37.76 | 247.51 | 42075.85 |
| 5 | INSULATION TAPE | 250 | 6.78 | 1.22 | 8 | 2000.1 |
| | ആകെ | | | | | 695063.07 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം വാങ്ങിയിട്ടുള്ള 3200 LED ബൾബുകളും അനുബന്ധ സാമഗ്രികളും സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും (ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം.135) അവയുടെ വിനിയോഗ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. സ്റ്റോക്കിൽ ചേർത്ത് സൂക്ഷിച്ച സാധനങ്ങൾ ആർക്കെല്ലാം ഏതെല്ലാം തീയതികളിൽ വിതരണം ചെയ്തുവെന്നും ഒരോ വിതരണത്തിനുശേഷവും സ്റ്റോക്കിൽ എത്രയെണ്ണം അവശേഷിച്ചുവെന്ന വിവരവും സൂക്ഷിച്ചില്ല.

ഉപകരണങ്ങൾ വാങ്ങുമ്പോൾ സൂക്ഷിക്കുന്ന രജിസ്റ്ററിന് പുറമേ കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. സാമ്പത്തിക വർഷാവസാനം ഇപ്രകാരമുമുള്ള Stock In Register-ഉം Stock Out Register-ഉം റീക്കൺസൈൽ ചെയ്തുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശഭരണ സെക്രട്ടറിമാർക്കുണ്ട്. വാങ്ങിയ ഉപകരണങ്ങൾ യഥാവിധി വിനിയോഗിക്കപ്പെട്ടുവെന്ന് ഉറപ്പുവരുത്തുവാൻ ഇത് അനിവാര്യമാണ്. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമായി സൂക്ഷിക്കാതിരുന്നതും, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾസ് പരിപാലിക്കാതിരുന്നതും വീഴ്ചയാണ്. ഇക്കാരണത്താൽ 6.95 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ യഥാവിധി വിനിയോഗിക്കപ്പെട്ടുവെന്ന് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെടാനായിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്നാണ് സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുകയും, അൺസർവ്വീസബിൾസിന് രജിസ്റ്റർ തയ്യാറാക്കുകയും ചെയ്തിട്ടുള്ളത്. ലക്ഷക്കണക്കിന് രൂപയുടെ സ്റ്റോക്ക് ഉത്തരവാദിത്തരഹിതമായി കൈകാര്യം ചെയ്തതിന് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരും, സെക്രട്ടറിയും ഉത്തരവാദികളാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 പഞ്ചായത്ത് ഓഫീസിൽ ഇന്റർകോം സ്ഥാപിക്കൽ - GeM മുഖാന്തിരം വാങ്ങിയില്ല; സർക്കാർ ഉത്തരവിന്റെ ലംഘനം

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം. 143/23 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 150000 ലക്ഷം രൂപ വകയിരുത്തി പഞ്ചായത്ത് ഓഫീസിൽ ഇന്റർകോം സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഇന്റർകോമിന് ആവശ്യമായ ഉപകരണങ്ങൾ സപ്ലൈ ചെയ്ത ഇനത്തിൽ M/s ആവലോൺ സിസ്റ്റംസ്, കോട്ടയം എന്ന സ്ഥാപനത്തിന് 89900 രൂപ നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.2205045201350054133б/15.09.2022). പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ

ചേർക്കുന്നു.

പത്ര പരസ്യം നൽകി ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ 25000രൂപയ്ക്കു മുകളിലുള്ള എല്ലാ പർച്ചേസുകളും GEM വഴി ആയിരിക്കണമെന്ന് നിർബന്ധമാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് (26/04/2019-ലെ സ.ഉ.(അച്ചടി)നം.7/2019/എസ്.പി.ഡി.). 27.03.2018-ലെ സ.ഉ.(കൈ)നം.2/2018/എസ്.പി.ഡി. പ്രകാരം ജെം ഒരു അംഗീകൃത പ്രോക്യൂർമെന്റ് മാർഗ്ഗമായി സർക്കാർ അംഗീകരിക്കുകയും 28/04/2018-ലെ സ.ഉ.(അച്ചടി)നം.2/2018/എസ്.പി.ഡി പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ ഭേദഗതി വരുത്തി 19-ാമത്തെ അദ്ധ്യായമായി ജെം ചേർക്കുകയും ചെയ്തിട്ടുണ്ട്. പതിനായിരക്കണക്കിന് വിൽപ്പനക്കാരിൽനിന്നുമായി ഒരു രൂപയുടെ പേന മുതൽ ഒരു കോടി രൂപയുടെ വാഹനം വരെ GeM ലൂടെ വാങ്ങാവുന്നതാണ്. സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമായ പതിനാല് ലക്ഷത്തിലധികം സാധനങ്ങൾ GeM-ൽ നിലവിൽ ലഭ്യമാണ്.

ഏതെങ്കിലും പ്രത്യേക ഇനം GeM-ൽ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടാൽ സ്റ്റോർപർച്ചേസ് മാനുവലിലെ മറ്റു മാർഗ്ഗങ്ങൾ പ്രകാരം വാങ്ങാവുന്നതാണ്. എന്നാൽ ഇക്കാര്യം പർച്ചേസിന് ചുമതലയുള്ള ഉദ്യോഗസ്ഥൻ ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. GeM വഴി വാങ്ങൽ നടത്തണമെന്ന കർശന നിർദ്ദേശം നിലനിൽക്കെ ഓപ്പൺ ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗമാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് (അടങ്കൽ - 111341/-). ഈ എസ്റ്റിമേറ്റ് ആധാരമാക്കിയാണ് പഞ്ചായത്ത് ടെണ്ടർ നടപടികളിലൂടെ പദ്ധതി നടപ്പിലാക്കിയത്. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി നടത്തിയിട്ടുള്ള സംഗതിയിൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയവും ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ മുഖാന്തിരം നടത്തേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെയാണ് സ്ഥാപനത്തിന് ബിൽ തുക നൽകിയിട്ടുള്ളത്. മൂല്യനിർണ്ണയത്തിന്റെ അഭാവത്തിൽ ബിൽ തുക നൽകിയത് ക്രമപ്രകാരമല്ല.

ഒരു കരാർ പ്രവൃത്തി എന്ന നിലയിൽ സ്ഥാപനത്തിനുള്ള ബിൽ തുകയിൽനിന്നും ആദായനികുതി ഇനത്തിൽ 2% TDS പിടിക്കേണ്ടതായിരുന്നു. എന്നാൽ TDS പിടിച്ചിട്ടില്ല. ഈ ഇനത്തിലുള്ള 1798 രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നോ ഉത്തരവാദായായ ഉദ്യോഗസ്ഥയിൽനിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-41 അഗതി രഹിത കേരളം കർമ്മ പദ്ധതി നടത്തിപ്പിൽ ഗുരുതര വീഴ്ച

അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള ഭക്ഷ്യധാന്യ കിറ്റ് വിതരണം പഞ്ചായത്ത് മുടക്കി. പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ ലക്ഷക്കണക്കിന് രൂപ നീക്കിയിരിപ്പ് ഉണ്ടായിരിക്കെ അഗതി രഹിത കേരളം കർമ്മ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന അടിസ്ഥാന സേവനമായ ഭക്ഷ്യധാന്യ വിതരണം പോലും കൃത്യമായി നടത്തിയിട്ടില്ല. പദ്ധതി നടപ്പിൽ ഗുരുതര വീഴ്ചയാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 2022-23 വർഷാരംഭത്തിൽ പഞ്ചായത്തിന്റെ പദ്ധതി വിഹിതവും അതിന്മേലുള്ള പലിശയുമായി 3396524 രൂപ അഗതി രഹിത കേരളം പദ്ധതി അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്നു. എന്നാൽ തൻ വർഷം രണ്ട് തവണ മാത്രമാണ് ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുള്ളത്.

അഗതി രഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് എല്ലാ മാസവും ഭക്ഷ്യധാന്യവും, പോഷക കിറ്റും ലഭ്യമാക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന നിർവഹണ ഉദ്യോഗസ്ഥരുടെ വിവരം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സംസ്ഥാന മിഷനെയും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കേണ്ടതും, ഇവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുകയാണ് അഗതി രഹിത കേരളം പദ്ധതി ലക്ഷ്യമിട്ടിരുന്നത്. കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്തിൽ അസി.സെക്രട്ടറിയ്ക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ളത്. പഞ്ചായത്തിൽ ഈ പദ്ധതിയുടെ ഭാഗമായി 21224700 രൂപയുടെ ഒരു കർമ്മ പദ്ധതിയ്ക്കാണ് രൂപം കൊടുത്തിരുന്നത്. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ 150 ഗുണഭോക്താക്കളായിരുന്നു ഉണ്ടായിരുന്നത്. ചലഞ്ച് ഫണ്ട് 4000000 ലക്ഷം രൂപയും, പ്ലാൻ ഫണ്ട് ഇനത്തിൽ 3548200 രൂപയും മറ്റ് ഇനങ്ങളിലായി 13676500 രൂപയുമായിരുന്നു വകയിരുത്തിയിരുന്നത്. പദ്ധതിയുടെ അക്കൌണ്ടിൽ 36 ലക്ഷത്തിൽപ്പരം രൂപ നീക്കിയിരിപ്പുണ്ടായിരുന്നതിനാൽ ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിക്കുമായിരുന്ന തുക ലഭിച്ചിട്ടില്ല. അതുപോലെ തന്നെ പ്ലാൻ ഫണ്ട് ഇനത്തിൽ 35.48 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെ 1839772 രൂപ മാത്രമാണ് പഞ്ചായത്ത് പദ്ധതിയ്ക്കായി വകമാറ്റി നൽകിയിട്ടുള്ളത്. 2018-19-ൽ ആരംഭിച്ച് 2020-21-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ചികിത്സാ സഹായം, കുടിവെള്ളം, വസ്ത്രം, തുടങ്ങി മിക്ക സേവനങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല.

പദ്ധതി യഥാവിധി നടപ്പിലാക്കി കർമ്മ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന സേവന പരിചരണങ്ങൾ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ലഭ്യമാക്കാതിരുന്നത് വീഴ്ചയാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-42 ലൈഫ് ഭവന പദ്ധതി-ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർബന്ധമായും സൂക്ഷിച്ചിരിക്കേണ്ട രേഖകളിൽ ഒന്നാണ് ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ. ഇതിൽ ഗുണഭോക്താവിന്റെ പേര്, അക്കൗണ്ട് വിവരങ്ങൾ, വിവിധ ഇൻസ്റ്റാൾമെന്റ് വിതരണം ചെയ്ത വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ കൃത്യമായല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. മിക്ക ഗുണഭോക്താക്കളുടെ കാര്യത്തിലും അക്കൗണ്ട് വിവരങ്ങൾ, ഇൻസ്റ്റാൾമെന്റ് തുക, തുക നൽകിയ തീയതി, ഫണ്ട് ഇനം എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ഡിസ്ബേഴ്സ്മെന്റ് രജിസ്റ്ററിൽ ഇൻസ്റ്റാൾമെന്റ് തുക കൃത്യമായി രേഖപ്പെടുത്താത്തത് കാരണം ഓഡിറ്റ് വർഷം 3 ഗുണഭോക്താക്കൾക്ക് ആകെ 2.80 ലക്ഷം രൂപ അധികമായി അനുവദിച്ച സാഹചര്യം ഉണ്ടായിട്ടുണ്ട്. അപാകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുക പിന്നീട് ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കി. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായ ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ അനുവദിക്കുന്നത് വിശദമായി ഡിസ്ബേഴ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 300000 | അങ്കണവാടി പോഷകാഹാര പദ്ധതി (S0021/23) | 300000 | 0 |
| | 224600 | ഭിന്നശേഷി സ്കോളർഷിപ്പ് (S0021/23) | 224600 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 496500 | അംഗൻവാടി പോഷകാഹാര പദ്ധതി (S0021/23) | 496500 | 0 |
| ,, | 360000 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി (S0030/23) | 360000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 700000 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി (S0030/23) | 700000 | 0 |
| ,, | 200000 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി (S0029/23) | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | കുഴൽ കിണർ നിർമ്മാണം (എസ്.0005/23) | GWD | 8,20,090 | ഇല്ല |
| 2 | സ്ട്രീറ്റ് മെയിൻ വലിക്കൽ ബാലൻസ് തുക നൽകൽ (എസ്.0072/23) | KSEB | 28,307 | ,, |
| 3 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് KSEB-ക്ക് തുക അടവാക്കൽ (എസ്.0085/23) | KSEB | 2,87,116 | ,, |
| 4 | 12 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (എസ്.0145/23) | KWA | 12,00,000 | ,, |
| 5 | സ്ട്രീറ്റ് മെയിൻ കൺട്രോളർ സ്ഥാപിക്കൽ (എസ്.0003/23) | KSEB | 3,35,595 | ,, |
| 6 | സ്ട്രീറ്റ് മെയിൻ വലിക്കൽ (എസ്.0002/23) | KSEB | 17,46,672 | ,, |
| 7 | സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 11 വടശേരിക്കര കെ എസ് ഇ ബി ക്ക് തുക നൽകൽ (എസ്.0324/23) | KSEB | 58,741 | ,, |
| 8 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് വാട്ടർ കണക്ഷൻ (എസ്.0245/23) | KWA | 18,000 | ,, |
| 9 | ക്രമറ്റോറിയത്തിലേക്ക് വാട്ടർ കണക്ഷൻ (എസ്.0200/23) | KWA | 32,322 | ,, |
| | ആകെ | | 45,26,843 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഉണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 32,62,254 | -- | 32,62,254 | 8,38,479 | -- | 24,23,775 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-14 | 2006-07 | | ബി ഫണ്ട് ചെലവ് രേഖകൾഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 2-24 | 2006-07 | | തനത് ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-8 | 2016-17 | അനുബന്ധം 2 | വസ്തു നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 3-1 | 2017-18 | 1.3.4 | ഇട്ടിയപ്പാറ ബസ്സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് വൻ ബാദ്ധ്യത ഉണ്ടാക്കി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 11,60,71,750 | 15,69,20,875 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,73,89,124 | 12,99,57,466 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല | -- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി4/340/98 തീയതി 10.2.1999 | 2 (2-8, 2-9) |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ. പി4/90 /04/10.08.04/14.01.2005 | 1 ( 1-15) |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി4/81 /06/08.08.2006/07.07.2007 | 2 (2-14, 2-18) |
| 2001-02 (ജ.ആ ഒഴികെയുള്ള ചെലവ്) | എൽ.എഫ്.പിറ്റിഎ/പി4/82/06 തീയതി 31.8.2006 | 3 (2-12, 2-16, 2-24) |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി5/360/09 തീയതി 4.7.2010/ 22.3.2011 | 3 (3-3, 3-9, 3-10) |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി8/944/10 തീയതി 24.6.2011/ 29.7.2011 | 3 (2-1, 3-2, 3-8) |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി8/945/10 തീയതി 24.6.2011/ 29.7.2011 | 3 (3-1, 3-2, 3-3) |
| 2006-07 | എൽ.എഫ്.പിറ്റിഎ/പി6/571/12 തീയതി 6.7.2012/ 4.7.2013 | 4 (3-5, 3-9, 3-10, 3-11) |
| 2007-08 | എൽ.എഫ്.പിറ്റിഎ/പി6/567/12 തീയതി 3.9.2012/ 4.7.2013 | 6 (3-1, 3-2, 3-3, 3-4, 3-5, 3-11) |
| 2009-10 | എൽ.എഫ്.പിറ്റിഎ/പി6/569/12 തീയതി 1.8.2012/ 4.7.2013 | 2 (3-1, 3-7) |
| 2011-12 & 2012-13 | എൽ.എഫ്.പിറ്റിഎ/പി6/411/14 തീയതി 7.6.2014/ 4.6.2015 | 3 (2-5, 3-7, 3-8) |
| 2013-14 & 2014-15 | എൽ.എഫ്.പിറ്റിഎ/പി6/166/16 തീയതി 16.3.2016 | 11 (3-1, 3-2, 3-3, 3-6, 3-7, 3-9, 3-10(2)എ,ബി, 3-10 (2) സി, 3-12, 3-13, 3-14 |
| 2015-16 | കെ.എസ്.എ.പിറ്റിഎ/പി6 /1211/16 തീയതി 21.11.2016 | 9 (2-2(3), 2-2(4), 2-9, 3-2, 3-3, 3-4, 3-6, 3-11) |
| 2016-17 | കെ.എസ്.എ.പിറ്റിഎ. പി6/1109/17 തീയതി 16.09.2017/ 21.11.2017 | 7 (2-1, 2-4, 2-5, 3-1, 3-7, 3-10, 3-13) |
| 2017-18 | കെ.എസ്.എ.പിറ്റിഎ. പി6/266/19 തീയതി 18.5.2019 | 16 ( 2-2(എ, സി), 2-4, 2-7, 2-8, 3-1, 3-2, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15) |
| 2018-19 | കെ.എസ്.എ.പിറ്റിഎ. പി6/711/19 | 13 (2-8, 2-11, 2-12, 3-1, 3-3, |

| | | |
|---|---|---|
| | തീയതി 22.5.2020 | 3-4, 3-8, 3-9, 3-12, 3-14, 3-18, 3-19, 4-2) |
| 2019-20 | കെ.എസ്.എ.പിറ്റിഎ. പി6/239/22 തീയതി 11.3.2022 | 7 (1-11, 1-13, 1-15, 1-16, 1-17, 1-21, 4-2) |
| 2020-21 | കെ.എസ്.എ.പിറ്റിഎ. പി10/240/22 തീയതി 16.3.2022 | 21 (1-11, 1-12, 1-13, 1-15 To 1-21, 1-23, 1-24, 1-25, 1-28 To 1-31, 1-33, 1-34, 3-1, 3-2) |
| 2021-22 | കെ.എസ്.എ.പിറ്റിഎ. പി6/927/22 തീയതി 05.11.2022 | 17 (1-12, 1-13, 1-15 To 1-24, 1-26, 1-28, 1-29, 4-2, 4-10) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 9(1) dated 27-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the RANNI PAZHAVANGADY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of RANNI PAZHAVANGADY Grama Panchayat for the year 2022-2023

Date: 22/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of RANNI PAZHAVANGADY Grama Panchayat for the Year 2022-2023.

**1.Major Observations**

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on accounts and ratios prescribed in accountingrules are not submitted for audit.

2. Cash flow statement-Net increase/decrease in cash flow does not match with the difference between the OB and CB.

3. The Bank Reconcilliation statement prepared for Dist. Co-Opretative Bank (A/c No. 121312803000012) does not tally with the Pass Book balance.

4. Rs. 1,01,012 has been recorded as directly debited by bank in SBI-Epayment Bank Reconciliation Statement as on 31-03-2023). Details are not available.

5. Grama Panchayat Distress Relief Account - Bank balance amount and corresponding liability head (B2 Earmarked Funds) does not match each other.

6. Proportionate amounts spent on various government grants for asset creation/investment works during the year have not been transferred
to the Capital Contribution Account. As a result the income of the Gram Panchayat will be higher than the expenditure and the actual financial position will not be reflected.
7. There is no accurate record of utilization of various grants. Due to absence of registers and records, accuracy of deposits were not ascertained.

8. Amounts received for execution of joint venture projects- Balance in the corresponding liability head and bank/treasury account
concerned does not match.

9. Secured Loans- Loan from KURDFC- Amout shown as balance in the Annual financial Statement (Rs. 28,78,703) does not match with the
actual balance amount (Rs. 24,23,775).

10. Schedule B-7: Unclaimed Deposits for more than three years were not forfeited and transferred to revenue head. The balance amount shown in Deposit Received from Others is not accurate.

11. Schedule B-9: Registers and documents necessary to ascertain the correctness of the amounts included under various liability heads are not available.
12. Schedule B-9: Expenditure is not booked in the head reflecting the purpose.
13.Schedule B-18: Miscellaneous revenue expenditure were wrongly booked in the Asset head.
14. Schedule B-18: Revenue expenditure is not adjusted against the advance amount.
15.Schedule B-15: Receivables of Redemption- Redemption amount booked is not actual amount.
There is a mismatch between the ledger balance and the amount forfeited by the treasury.
16.Lapses in making timely and accurate demand entries in respect of tax and non tax revenue.
17.The ÂÂÂrent demand recorded in the annual financial statement differs greatly from the amount recorded in the register.
18. Deposit works were not booked under the proper head Advance to Implementing AgenciesÂÂÂ.
19. Schedule B I-10: Travelling Allowance is recorded as negative in the AFS.
20. NREGA- Income and Expenditure booked does not match.
21. Expenditure from grants received for joint projects has not been deducted from liability head and transferred to revenue/capital account.
22. There are no supporting documents to substantiate the journal vouchers recorded.
23. Prior period item-Authenticated vouchers or worksheets were not maintained to verify the authenticity of the journal entries in the schedules.

24. An amount proportionate to the expenditure of the joint venture projects in previous years has been wrongly booked as current year income.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്